# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അയ്മനം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ-കെ.ടി.എം.പി 9/509/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 05/05/2022
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അയ്മനം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : അയ്മനം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അയ്മനം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-കെ.ടി.എം.പി 9/509/22 തീയ്യതി: 05/05/2022

## കോട്ടയം ജില്ലയിലെ അയ്മനം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ അയ്മനം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ എം എൻ രാധാകൃഷ്ണൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 03-03-2022 | 14-03-2022 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 03-03-2022 | 14-03-2022 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി ലേഖ വി ,ഓഡിറ്റ് ഓഫീസർ
ശ്രീ രതീഷ് സി ആർ ,ഓഡിറ്റ് ഓഫീസർ
ശ്രീമതി സ്മിത ജി നായർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ സുമേഷ് പി വി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി അമ്പിളി യു,സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി ബിനാകുമാരി റ്റി വി ,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ എ കെ ആലിച്ചൻ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ശ്രീമതി സബിത പ്രേംജി | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| ശ്രീ അരുൺ കുമാർ എൻ | സെക്രട്ടറി | 01-04-2020 | 08-06-2020 |
| ശ്രീമതി നിസി ജോൺ സി വൈ ( അസിസിറ്റന്റ് സെക്രട്ടറി) | സെക്രട്ടറി-ഇൻ-ചാർജ്ജ് | 09-06-2020 | 27-07-2020 |
| ശ്രീ വി കെ രാജീവ് | സെക്രട്ടറി | 28-07-2020 | 28-09-2020 |
| ശ്രീമതി നിസി ജോൺ സി വൈ ( അസിസിറ്റന്റ് സെക്രട്ടറി) | സെക്രട്ടറി-ഇൻ-ചാർജ്ജ് | 29-09-2020 | 30-10-2020 |
| ശ്രീ വി കെ രാജീവ് | സെക്രട്ടറി | 01-11-2020 | 15-01-2021 |
| ശ്രീമതി നിസി ജോൺ സി വൈ (അസിസ്റ്റന്റ് സെക്രട്ടറി) | സെക്രട്ടറി-ഇൻ-ചാർജ്ജ് | 16-01-2021 | 07-03-2021 |
| ശ്രീ സോണി മാത്യു | സെക്രട്ടറി | 08-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി നിസി ജോൺ സി വൈ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി ഡോ . മിനിജ ഡി നായർ | മെഡിക്കൽ ഓഫീസർ (പി എച്ച് സി) | 01-04-2020 | 31-03-2021 |
| ശ്രീമതി ജോസ്നമോൾ കുര്യൻ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി നാൻസി ലിസ തോമസ് | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീ ഡോ.രാമകൃഷ്ണൻ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2020 | 31-03-2021 |
| ശ്രീമതി ബിന്ദു റ്റി റ്റി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീ സുനിൽ എ പി | വി ഇ ഒ | 01-04-2020 | 31-03-2021 |
| ശ്രീമതി ലേഖ എം തമ്പി | വി ഇ ഒ | 01-04-2020 | 31-03-2021 |
| ശ്രീമതി രാജി എസ് മോനി | ഡയറി എക്സറ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ ഡോ. ജോബി ജോർജ് | വെറ്റിറിനറി സർജൻ | 01-04-2020 | 24-08-2020 |
| ശ്രീ ഡോ. സോജ എസ് | വെറ്റിറിനറി സർജൻ (അഡീഷണൽ ചാർജ്ജ്) | 25-08-2020 | 24-09-2020 |
| ശ്രീ ഡോ .അഭിജിത്ത് തമ്പാൻ | വെറ്റിറിനറി സർജൻ(അഡീഷണൽ ചാർജ്ജ്) | 25-09-2020 | 16-10-2020 |
| ശ്രീമതി ഡോ. നീതു ജോർജ് | വെറ്റിറിനറി സർജൻ | 17-10-2020 | 27-11-2020 |
| ശ്രീ ഡോ .അഭിജിത്ത് തമ്പാൻ | വെറ്റിറിനറിസർജൻ (അഡീഷണൽ ചാർജ്ജ്) | 28-11-2020 | 23-02-2021 |
| ശ്രീമതി ഡോ.ഹസീന കെ എച്ച് | വെറ്റിറിനറി സർജൻ | 23-03-2021 | 31-03-2021 |
| ശ്രീമതി ഓമന വി എ | ഹെഡ്മിസ്ട്രസ്സ് | 01-04-2020 | 31-03-2021 |
| ശ്രീമതി ഡോ.മെറിൻ വർഗീസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 31-03-2021 |

12.11.2020 മുതൽ 20.12.2020 വരെ അഡ്മിനിസ്ട്രേററീവ് ഭരണത്തിലായിരുന്നു

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Beenakumari T V (Auditor, On 13-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 26-04-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Smitha G Nair (Asst. Audit Officer, On 14-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 05-05-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Smitha G Nair (Asst. Audit Officer, On 14-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 05-05-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Smitha G Nair (Asst. Audit Officer, On 14-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 05-05-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Lekha V (Audit Officer, On 16-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 05-05-2022) | 1-5 |
| 6 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി<br>Written By: Ratheesh C R (Audit Officer, On 17-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 05-05-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Ambili.U (Senior Grade Auditor, On 06-03-2022)<br>Last Updated By: Ambili.U (Senior Grade Auditor, On 07-03-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Beenakumari T V (Auditor, On 09-03-2022)<br>Last Updated By: Beenakumari T V (Auditor, On 09-03-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണ സംവിധാനം<br>Written By: Lekha V (Audit Officer, On 16-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 05-05-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Lekha V (Audit Officer, On 13-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 05-05-2022) | 1-10 |
| 11 | ക്ലോസ് ചെയ്ത് ട്രഷറി അക്കൗണ്ടിൽ 33276/- രൂപ ക്രെഡിറ്റ് ആയിരിയ്ക്കുന്നു.<br>Written By: Beenakumari T V (Auditor, On 15-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 26-04-2022) | 1-11 |
| 12 | ചെക്ക് തുകകൾ കാലാവധി കഴിഞ്ഞ ചെക്കുകളുടെ അക്കൗണ്ടിലേയ്ക്ക് ബാദ്ധ്യതയായി മാറ്റിയിട്ടില്ല<br>Written By: Beenakumari T V (Auditor, On 15-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 05-05-2022) | 1-12 |
| 13 | പിൻവലിച്ച ചെക്കുകളുടെ വിശദാംശം പാസ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല<br>Written By: Beenakumari T V (Auditor, On 15-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 26-04-2022) | 1-13 |
| 14 | പ്രത്യേക ആവശ്യത്തിനുള്ള ഗ്രാന്റുകൾ - ദീർഘകാലമായി പഞ്ചായത്ത് ഫണ്ടിന് ബാധ്യത<br>Written By: Smitha G Nair (Asst. Audit Officer, On 16-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 26-04-2022) | 1-14 |
| 15 | സർക്കാർ ഡ്യൂസ് അടച്ചിട്ടില്ല<br>Written By: Smitha G Nair (Asst. Audit Officer, On 16-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 26-04-2022) | 1-15 |
| 16 | മുൻകൂറിന്റെ വിശദാംശങ്ങൾ ലഭ്യമായില്ല<br>Written By: Smitha G Nair (Asst. Audit Officer, On 16-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 05-05-2022) | 1-16 |

| | | |
|---|---|---|
| 17 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.<br>Written By: Beenakumari T V (Auditor, On 15-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 26-04-2022) | 1-17 |
| 18 | പഞ്ചായത്തിലെ വിവിധ വ്യാപാര സ്ഥാപനങ്ങൾ ,ക്ഷീരോൽപ്പാദക സംഘങ്ങൾ കള്ളുഷാപ്പുകൾ എന്നിവ ലൈസൻസ് എടുത്തതായി കാണുന്നില്ല. സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.<br>Written By: Ambili.U (Senior Grade Auditor, On 15-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 05-05-2022) | 1-18 |
| 19 | മരം വെട്ടിമാറ്റൽ - ലേലം ചെയ്തില്ല.<br>Written By: Sumesh P V (Asst. Audit Officer, On 15-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 26-04-2022) | 1-19 |
| 20 | സേവനപുസ്തക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ<br>Written By: Lekha V (Audit Officer, On 16-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 05-05-2022) | 1-20 |
| 21 | റിക്കവറി തുക- അടവ് രേഖകൾ ലഭ്യമായില്ല.<br>Written By: Sumesh P V (Asst. Audit Officer, On 15-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 26-04-2022) | 1-21 |
| 22 | യു.പി.എസ്സിന് എ.എം.സി - ക്വട്ടേഷൻ ക്ഷണിച്ചില്ല.<br>Written By: Sumesh P V (Asst. Audit Officer, On 15-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 26-04-2022) | 1-22 |
| 23 | സ്ഥലം അളന്ന് തിരിക്കൽ - സ്വകാര്യ വ്യക്തിയെ ഏൽപ്പിച്ചു.<br>Written By: Sumesh P V (Asst. Audit Officer, On 15-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 26-04-2022) | 1-23 |
| 24 | പ്രീ മൺസൂൺ ക്ളീനിംഗ് - വൗച്ചറുകൾ ലഭ്യമായില്ല.<br>Written By: Sumesh P V (Asst. Audit Officer, On 15-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 26-04-2022) | 1-24 |
| 25 | ഗാർഹിക മാലിന്യയൂണിറ്റ് (ജനറൽ) - പർച്ചേസ് ബിൽ ലഭ്യമായില്ല.<br>Written By: Sumesh P V (Asst. Audit Officer, On 15-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 05-05-2022) | 1-25 |
| 26 | പാലിയേറ്റിവ് നേഴ്സിന് സർക്കാർ നിർദ്ദേശം പാലിക്കാതെ ഇൻസെന്റീവ് നൽകി<br>Written By: Ambili.U (Senior Grade Auditor, On 14-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 05-05-2022) | 1-26 |
| 27 | മരുന്ന് പൂർണ്ണമായും ലഭ്യമായില്ല.<br>Written By: Ambili.U (Senior Grade Auditor, On 14-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 05-05-2022) | 1-27 |
| 28 | പൊതുടാപ്പുകളുടെ വെള്ളക്കരം സംയുക്ത പരിശോധന നടത്തിയിട്ടില്ല<br>Written By: Lekha V (Audit Officer, On 16-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 29-04-2022) | 1-28 |
| 29 | ലൈഫ് റ്റി.എസ്.പി- ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല.<br>Written By: Sumesh P V (Asst. Audit Officer, On 15-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 29-04-2022) | 1-29 |
| 30 | നെൽവിത്ത് വിതരണം-മാർഗ്ഗരേഖ പാലിച്ചില്ല<br>Written By: Smitha G Nair (Asst. Audit Officer, On 16-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 05-05-2022) | 1-30 |
| 31 | ജലസേചനത്തിന് പമ്പ് സെറ്റ് - ഗുണഭോക്താക്കളെ പഞ്ചായത്ത് അംഗീകരിച്ചതിന്റെ രേഖകൾ ലഭ്യമല്ല<br>Written By: Smitha G Nair (Asst. Audit Officer, On 16-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 05-05-2022) | 1-31 |
| 32 | പാടശേഖരത്തിന് സ്ഥിരം വൈദ്യുതി കണക്ഷൻ- | 1-32 |

| | | |
|---|---|---|
| | മാർഗ്ഗരേഖയിലില്ലാത്ത പ്രോജക്ട്<br>Written By: Smitha G Nair (Asst. Audit Officer, On 16-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 29-04-2022) | |
| 33 | പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ്-അപാകതകൾ<br>Written By: Smitha G Nair (Asst. Audit Officer, On 16-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 05-05-2022) | 1-33 |
| 34 | ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയില്ല<br>Written By: Smitha G Nair (Asst. Audit Officer, On 16-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 05-05-2022) | 1-34 |
| 35 | പ്രവൃത്തികൾ നടപ്പാക്കിയില്ല -കരാറുകാരെനെതിരെ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കേണ്ടതാണ്<br>Written By: Smitha G Nair (Asst. Audit Officer, On 16-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 05-05-2022) | 1-35 |
| 36 | വിനിയോഗ വിവരം ലഭ്യമായില്ല.<br>Written By: Sumesh P V (Asst. Audit Officer, On 15-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 05-05-2022) | 1-36 |
| 37 | വെറ്റിനറി സർജൻ നടപ്പാക്കിയ പദ്ധതികൾ - അപാകതകൾ<br>Written By: Ratheesh C R (Audit Officer, On 17-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 05-05-2022) | 1-37 |
| 38 | ഹെഡ്മാസ്റ്റർ നടപ്പാക്കിയ പദ്ധതികൾ - അപാകതകൾ<br>Written By: Ratheesh C R (Audit Officer, On 17-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 05-05-2022) | 1-38 |
| 39 | ലൈഫ് ഭവനപദ്ധതി - അവലോകനം<br>Written By: Sumesh P V (Asst. Audit Officer, On 17-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 05-05-2022) | 1-39 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം<br>Written By: Ambili.U (Senior Grade Auditor, On 06-03-2022)<br>Last Updated By: Beenakumari T V (Auditor, On 16-03-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം.<br>Written By: Ambili.U (Senior Grade Auditor, On 06-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 29-04-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം<br>Written By: Ambili.U (Senior Grade Auditor, On 06-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 29-04-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ<br>Written By: Ambili.U (Senior Grade Auditor, On 06-03-2022)<br>Last Updated By: Ambili.U (Senior Grade Auditor, On 06-03-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Ambili.U (Senior Grade Auditor, On 06-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 29-04-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Ambili.U (Senior Grade Auditor, On 06-03-2022)<br>Last Updated By: Ambili.U (Senior Grade Auditor, On 06-03-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Ambili.U (Senior Grade Auditor, On 06-03-2022)<br>Last Updated By: Ambili.U (Senior Grade Auditor, On 06-03-2022) | 4-7 |

| | | |
|---|---|---|
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Ambili.U (Senior Grade Auditor, On 06-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 05-05-2022) | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം.<br>Written By: Ambili.U (Senior Grade Auditor, On 06-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 05-05-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Ambili.U (Senior Grade Auditor, On 06-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 05-05-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Ambili.U (Senior Grade Auditor, On 06-03-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 30-04-2022) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2020-21വർഷത്തെ ബജറ്റ് 27.03.20 തീയതിയിലെ I(1)-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവുചെലവ് യഥാർത്ഥ വരവ് ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർത്ഥം |
|---|---|---|
| മുന്നിരിപ്പ് | 20,305,167 | 29,093,373.45 |
| വരവ് | 224,795,000 | 124,772,439.45 |
| ആകെ | 245,100,167 | 153,865,812.45 |
| ചെലവ് | 229,524,500 | 132,773,509 |
| നീക്കിയിരിപ്പ് | 15,575,667 | 21,092,303.45 |

### 1-2 വാർഷികധനകാര്യപത്രിക

ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 23/6/21ലെ 3/1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് ഓഡിറ്റിന് സമർപ്പിച്ച 2020-21 ലെ വാർഷിക ധനകാര്യപത്രികയുടെ ഭാഗമായ റസീറ്റ്സ് ആന്റ് പേയ്മെന്റ് പത്രിക പ്രകാരമുള്ള വർഷാരംഭ മുന്നിരിപ്പ് 29093373.45രൂപയും തൻവർഷ 124772439 വരവ് രൂപയും തൻവർഷചെലവ് 132773509രൂപയും വർഷാവസാന നീക്കിയിരിപ്പ് 21092303.45രൂപയും ആകുന്നു. തൻവർഷത്തെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ വരുമാനം 276747270രൂപയും ആകെ ചെലവ് 273107536 രൂപയും ആകുന്നു. 2020-21സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)26-7-11-ലെ ജി.ഒ (എം.എസ്)152/11-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല. ആസ്തികൾക്ക് ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരമുള്ള നിരക്കിലാണോ എന്ന് വർക്ക് ഷീറ്റിന്റെ അഭാവത്തിൽ വ്യക്തമല്ല.

2.31/03/2021 തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യത വ്യക്തമാക്കുന്ന അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല.

3.ഗ്രാമപഞ്ചായത്ത് ഫണ്ടിൽ 31/03/2021-ൽ നിലനിൽക്കുന്നതും 2020-21 വർഷം ഇടപാടുകളുണ്ടായിരുന്നതുമായ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ എ.സി.ആർ. സൂക്ഷിച്ചിട്ടില്ല. പ്രസ്തുത ഗ്രാന്റുകളുടെ വിനിമയത്തിന്റെ ആധികാരികത വ്യക്തമല്ല.

4. പ്രധാനനികുതിയിനങ്ങളുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

5. 2011-ലെ കേരള പഞ്ചായത്ത്രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 58(4) എച്ച് പ്രകാരം തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല( ഷെഡ്യൂൾ I-16).

6.412010101-Capital Work In Progress ശീർഷകത്തിൽ 11006519 രൂപ നീക്കിയിരിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത തുകയുടെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ ഹാജരാക്കിയില്ല.

7. ജി ഒ (ആർ റ്റി) 4444/20120/ഫിൻ 3/08/20 പ്രകാരം അനുവദിച്ച മെയിന്റനൻസ് ഗ്രാന്റിന്റെ രണ്ടാം ഗഡുവിൽ നിന്ന് 56347 രൂപ വോട്ടിങ്ങ് മെഷീൻ വാങ്ങുന്നതിന് ഉറവിടത്തിൽ കുറവ് ചെയ്തിരുന്നു. ടി തുക ജി.ഓ. പ്രോജക്ടായി ക്രമീകരിക്കാതിരുന്നതിനാൽ പ്രസ്തുത ചെലവ് ഗ്രാന്റ് പത്രികയിലും ചെലവ്

പത്രികയിലും ധനകാര്യ പത്രികയിലും(I&E പത്രിക) പ്രതിഫലിച്ചിട്ടില്ല. ഗ്രാന്റ് പത്രികയിലെ നീക്കിയിരിപ്പിലും 56347 രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

8.I -18 പ്രകാരം മുൻവർഷ ഇനങ്ങളായി ക്രമീകരിച്ച തുകകളുടെ അക്കൗണ്ടിങ്ങ് ക്രമീകരണം നടത്തിയതിന് അടിസ്ഥാനമായ രേഖകൾ ലഭ്യമല്ല.

9.അയ്മനം വില്ലേജ് സർവ്വീസ് സഹകരണ ബാങ്കിലെ തനത് ഫണ്ട് (അക്കൗണ്ട് നം.1174), എൽ ജി ടി എസ് ബി എന്നീ അക്കൗണ്ടുകളിൽ നിന്നും നൽകിയിട്ടുള്ളതും 3 മാസത്തിലധികമായി എൻകാഷ് ചെയ്യാത്തതുമായ ചെക്കുകളുടെ തുക "കാലാവധി കഴിഞ്ഞ ചെക്കുകൾ " എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല

10. ബാലൻസ് ഷീറ്റ് ബf9 ഷെഡ്യൂളിലെ 350410101,350410102,350410301 ശീർഷകങ്ങളിലെ വസ്തുനികുതി, തൊഴിൽ നികുതി, ലൈസൻസ് വരവുകളുടെ മുൻകുറുകൾ ക്രമീകരിച്ചതിന്റെ വിശദാംശം ഡിമാന്റ് രജിസ്റ്ററുകളിൽ ലഭ്യമല്ല.

11.സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

12.ആസ്തികളുടെ മൂല്യശോഷണം I-17(A) പ്രകാരം മൂല്യശോഷണം അക്കൗണ്ട് ചെയ്തതിന്റെ ആധികാരികത കാൽക്കുലേഷൻ ഷീറ്റിലൂടെ വ്യക്തമാക്കിയിട്ടില്ല

13. ജില്ലാപഞ്ചായത്തിൽ നിന്നുള്ള തുകയുടെ ചെലവ് 8380923 രൂപയാണ്. (സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ) എന്നാൽ 8831117 രൂപയാണ് വാർഷികകണക്കിൽ രേഖപ്പെടുത്തിയത്. വ്യത്യാസം വിശദീകരിക്കപ്പെട്ടില്ല. ചെലവ് തുകകൾ കൃത്യമായി അക്കൗണ്ട് ചെയ്യാത്തതിനാൽ നീക്കിയിരിപ്പിൽ വ്യത്യാസം ഉണ്ട്.

14.മെയിന്റനൻസ് ഫണ്ട് റോഡ് നോൺ റോഡ് തുകകൾ ചെലവ് തുകകൾ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ, റസീറ്റ് ആന്റ് പേയ്മെന്റ് എന്നിവയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു

15.പ്രോജക്ട് നം.11/21പ്രകാരമുള്ള ഗുണഭോക്താവ് നേരിട്ട് ചെലവഴിച്ച തുകകൾ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക I-6 ഷെഡ്യൂൾ 160300206 ശീർഷകത്തിൽ അക്കൗണ്ട് ചെയ്തില്ല.

16. അഡ്വാൻസ് രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല. വിവിധ ശീർഷകങ്ങളിൽ മുന്നിരിപ്പായി ഉൾപ്പെടുത്തിയ തുകകളുടെ വിശദാംശങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

17. എൻ.അർ.ഇ.ജി.എ. വാർഷികകണക്ക് പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ ക്യാഷ്ബുക്ക് കണക്കുമായി പൊരുത്തപ്പെടുന്നില്ല.

ജേണൽ വൗച്ചറുകൾ ജനറേറ്റ് ചെയ്ത് സൂക്ഷിച്ചിട്ടില്ല

പഞ്ചായത്തിലെ പല ധനവിനിമയങ്ങൾക്കും സാംഖ്യ സോഫ്റ്റ്വെയറിൽ ജേണൽ എൻട്രികൾ മുഖേന തിരുത്തലുകൾ വരുത്തുന്നുണ്ട്. എന്നാൽ ഇത് സംബന്ധമായി കൃത്യമായ ജേണൽ വൗച്ചർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. അക്കൗണ്ടിംഗ് ക്രമീകരണങ്ങൾക്കുവേണ്ടി നടത്തുന്ന എല്ലാ ജേണൽ എൻട്രികൾക്കും ബന്ധപ്പെട്ട അധികാരികളുടെ നടപടി ഉത്തരവുകൾ ഉണ്ടായിരിക്കേണ്ടതും പ്രസ്തുത ജേണൽ എൻട്രികൾ സാധൂകരിക്കുന്ന വൗച്ചറുകൾ, സബ് വൗച്ചറുകൾ, വർക്ക് ഷീറ്റ് എന്നിവ കൃത്യമായി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.
അപാകതകൾക്ക് രേഖാമൂലം വിശദീകരണം നൽകേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 29093373.45 |
| ഓഡിറ്റ് വർഷത്തെ വരവ് | 124772439 |
| ആകെ | 153865812.45 |
| | |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ചെലവ് | 132773509 |
| നീക്കിയിരിപ്പ് | 21092303.45 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3827162 |

**1-4 ഫണ്ട് വിനിയോഗം**

| ഫണ്ടിനം | പ്രാരംഭബാക്കി | വരവ്(സ്രോതസിൽ കുറവ് ചെയ്ത തുക ഉൾപ്പെടെ) | ആകെ | ചെലവ് | നീക്കിയിരിപ്പ് ലാപ്സായതുക |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 26934000 | 26934000 | 25238492 | 1695508 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 5028106 | 5028106 | 4918625 | 109481 |
| വികസനഫണ്ട്(ടി.എസ്.പി) | 0 | 254000 | 254000 | 254000 | 0 |
| മെയിന്റനൻസ് ഗ്രാന്റ്, റോഡ് | 0 | 9573000 | 9573000 | 9091435 | 481565 |
| മെയിന്റനൻസ് ഗ്രാന്റ്, നോൺ-റോഡ് | 0 | 5571000 | 5571000 | 4555931 | 1015069 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -അൺടൈഡ് | 0 | 15378369 | 15378369 | 9996508 | 5381861 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -ടൈഡ് | 0 | 7510000 | 7510000 | 5595189 | 1914811 |
| എസ്.എസ്.എ | 195920 | 3314 | 199234 | 127834 | 71400 |
| ഐ.സി.ഡി.എസ് | 490098 | 926334 | 1416432 | 290703 | 1125729 |
| റ്റി.എസ്.സി | 1936009 | 1198756 | 3134765 | 1619606 | 1515159 |
| ശുചിത്വ മിഷൻ ഫണ്ട് | 44550 | 3350154 | 3394704 | 2368320 | 1026384 |
| ജലനിധി | 7722615 | 12783111 | 20505726 | 14418127 | 6087599 |
| ബ്ലോക്ക് പഞ്ചായത്ത് | 0 | 6030046 | 6030046 | 5802619 | 227427 |
| ജില്ലാ പഞ്ചായത്ത് | 7644502 | 4599198 | 12243700 | 8380923* | 3862777* |

(*ജില്ലാ പഞ്ചായത്തിന്റെ ചെലവ് തുക തെറ്റായി ബ്ലോക്ക് പഞ്ചായത്തിന്റെ 160300102 എന്ന ശീർഷകത്തിൽ വന്നതിനാൽ നീക്കിയിരിപ്പ് തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.)

1.ജി ഒ പ്രോജക്റ്റായി സ്രോതസ്സിൽ കുറവ് ചെയ്ത തുകകൾ വാർഷികകണക്കിൽ (RP 7) ഉൾപ്പെടാത്തതിനാൽ പൊതുവിഭാഗം വികസനഫണ്ട്, എസ്.സി.പി, ഫണ്ട് ചെലവ് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ , വാർഷികകണക്ക് എന്നിവയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

2. ജി ഒ (ആർ റ്റി) 4444/20120/ഫിൻ 3/08/20 പ്രകാരം അനുവദിച്ച മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) രണ്ടാം ഗഡുവിൽ നിന്ന് 56347 രൂപ വോട്ടിങ്ങ് മെഷീൻ വാങ്ങുന്നതിന് ഉറവിടത്തിൽ കുറവ്

ചെയ്തിരുന്നു. ടി തുക ജി.ഓ. പ്രോജക്ടായി ക്രമീകരിക്കാതിരുന്നതിനാൽ പ്രസ്തുത ചെലവ് ഗ്രാന്റ് പത്രികയിലും ചെലവ് പത്രികയിലും ധനകാര്യ പത്രികയിലും(I&E പത്രിക) പ്രതിഫലിച്ചിട്ടില്ല. ഗ്രാന്റ് പത്രികയിലെ നീക്കിയിരിപ്പിലും 56347 രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

3 ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വിവിധ ഫണ്ടിനങ്ങളുടെ അലോക്കേഷൻ തുകകളും ബാലൻസ് തുകകളും രേഖപ്പെടുത്തിയിട്ടുള്ളത് എ.സി.ആർ./ചെലവു പത്രികയുമായി പൊരുത്തപ്പെടുന്നില്ല. ചെലവ് തുകകൾ സുലേഖ പത്രികയുമായി പൊരുത്തപ്പെടുന്നുണ്ട്. തന്മൂലം ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വകയിരുത്തൽ , നീക്കിയിരിപ്പ് തുകകളുടെ കൃത്യത നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല.

4.പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം കാണിക്കുന്ന എ.സി.ആർ തയ്യാറാക്കിയിട്ടില്ല. ആയതിനാൽ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ മുന്നിരിപ്പിന്റെ ആധികാരികത വ്യക്തമല്ല.

5.കേന്ദ്ര, സംസ്ഥാനാവിഷ്കൃത പദ്ധതികൾ വകയിരുത്തൽ, ചെലവ്, നീക്കിയിരിപ്പ് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, വാർഷിക കണക്കുകൾ, എന്നിവയുമായി വ്യത്യാസപ്പെട്ടിരിക്കുന്നു.

മേൽ അപാകതകൾക്ക് വിധേയമായാണ് ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം (അനുബന്ധം 2) നൽകിയിരിക്കുന്നത്.

## 1-5 പദ്ധതി അവലോകനം

ഗ്രാമപഞ്ചായത്തിന്റെ 2020-21 വാർഷികപദ്ധതിയ്ക്ക് ജില്ലാ ആസൂത്രണസമിതിയുടെ ഉത്തരവ് നം.80898/20/DPC/DPO/KTM തീ23.2.21 പ്രകാരം പുതുക്കി അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിരൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആസൂത്രണസമിതി യോഗം | 20/12/19 |
| വർക്കിംഗ് ഗ്രൂപ്പ് യോഗം | 31/12/19 |
| പദ്ധതിരൂപീകരണ ഗ്രാമസഭകൾ | 5/01/20 മുതൽ 19/01/20 വരെ |
| ഊരുകൂട്ടം /വയോജന/ ഭിന്നശേഷി ഗ്രാമസഭ | 30/12/19,14/2/20 |
| വികസനസെമിനാർ | 28-2-20 |

ജനങ്ങളുടെ സാമ്പത്തിക വികസനവും സാമൂഹ്യനീതി ഉറപ്പാക്കലും ലക്ഷ്യമിട്ട് തയ്യാറാക്കിയ 2020-21 ലെ വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 266405305/- രൂപയും ആകെ ചെലവ് 96168530 രൂപയുമാണ്. ചെലവുശതമാനം 36.09%.

സ.ഉ (സാധാ)നം 3099/2021/ധന തീയതി 29-3-21, സ.ഉ (സാധാ)നം 2904/2021/ധന തീയതി 25-3-21 ഉത്തരവുകൾ പ്രകാരം 2020-21ൽ ബജറ്റ് വിഹിതം ധനകാര്യകമ്മീഷൻ ഒഴികെയുള്ള വികസനഫണ്ട് 90%ൽ കൂടുതൽ ചെലവഴിച്ച ഗ്രാമപഞ്ചായത്തുകൾക്ക് സ്പിൽ ഓവർ പദ്ധതികൾക്കുള്ള ക്യാരി ഓവർ വിഹിതമായി അർഹമായ തുകയുടെ 50% തുക(489106/-രൂപ)എസ്.സി.പി ഫണ്ടിൽ ലഭിച്ചിരുന്നു. വിവിധ ക്യൂബില്ലുകളുടെ ചെലവിനായി അധികവകയിരുത്തലായി ധനകാര്യകമ്മീഷൻ ഗ്രാന്റിനൊപ്പം 7868369/-രൂപയും തൻവർഷം ലഭിച്ചിരുന്നു.

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആസൂത്രണം ചെയ്ത പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകൾ | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 14 | 13 | 7668150 | 4697827 | 61.26 |
| വെറ്ററിനറി സർജൻ | 13 | 8 | 5443150 | 3456150 | 63.49 |

| | | | | | |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 5 | 4 | 1590000 | 1101099 | 69.25 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ1 | 20 | 15 | 147501075 | 25229808 | 17.10 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 17 | 15 | 9622900 | 8145536 | 84.6 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 950000 | 400000 | 42.10 |
| സെക്രട്ടറി | 25 | 16 | 10936732 | 6015224 | 55 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ2 | 12 | 9 | 15824470 | 7991741 | 50.5 |
| അസി.എഞ്ചിനീയർ | 188 | 141 | 62931403 | 36534484 | 58.05 |
| ഹെഡ്മാസ്റ്റർ | 11 | 7 | 2079000 | 1401420 | 67.4 |
| അസി.സെക്രട്ടറി | 11 | 7 | 1858425 | 1195241 | 64.3 |
| ആകെ | 318 | 237 | 266405305 | 96168530 | |

**വിനിയോഗലക്ഷ്യം കൈവരിച്ചില്ല-1.05 കോടി രൂപ സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ടു.**

2020-21 കാലയളവിലെ സർക്കാർഫണ്ടുകളുടെ വിനിയോഗത്തിൽ മെയിന്റനൻസ് ഗ്രാന്റ് റോഡ് 94.9% ചെലവഴിക്കാൻ സാധിച്ചുവെന്നത് മികച്ച നേട്ടമാണ്.എങ്കിലും മറ്റ് ഫണ്ടുകളുടെ വിനിയോഗത്തിൽ കാര്യമായ നേട്ടം കൈവരിക്കാൻ സാധിച്ചിരുന്നില്ല. ധനകാര്യകമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) വിനിയോഗം 65%മാത്രമാണ്. നിർവ്വഹണ ഉദ്യോഗസ്ഥരുടെ അവലോകനയോഗങ്ങൾ ചേർന്ന് പദ്ധതി പുരോഗതി വിലയിരുത്തിയിരുന്നുവെങ്കിലും വേണ്ടത്ര ഫലപ്രദമായില്ല. തൻമൂലം പല നിർവ്വഹണ ഉദ്യോഗസ്ഥർക്കും പദ്ധതി നിർവ്വഹണത്തിൽ വേണ്ടത്ര പുരോഗതി കൈവരിക്കുവാൻ സാധിച്ചില്ല. വിഇഒ നിർവ്വഹണ ഉദ്യോഗസ്ഥനായി തയ്യാറാക്കിയ 32 പ്രോജക്ടുകളിൽ 24 എണ്ണം നടപ്പാക്കാൻ സാധിച്ചുവെങ്കിലും ലൈഫ് ഭവനപദ്ധതിയുമായി ബന്ധപ്പെട്ട ജില്ലാപഞ്ചായത്ത്, ബ്ളോക്ക് പഞ്ചായത്ത് വിഹിതങ്ങൾ പൂർണ്ണമായും വി.ഇ.ഒ ചെലവഴിച്ചെങ്കിലും വകയിരുത്തിയ തുക വളരെ വലിയ തുകയായിരുന്നതിനാൽ വി.ഇ.ഒ യുടെ ചെലവ് ശതമാനം വളരെ കുറഞ്ഞ് നിൽക്കുന്ന സാഹചര്യമാണ് (ചെലവ് ശതമാനം17.10% ). ട്രഷറി നിയന്ത്രണങ്ങളും കോവിഡ് അനന്തര ലോക്ക്ഡൗണും അതിനെ തുടർന്നുള്ള നിയന്ത്രണങ്ങളും മൂലമാണ് തുക വിനിയോഗത്തിൽ കുറവ് സംഭവിച്ചതെന്ന് കരുതുന്നു. തൻവർഷം സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ട സർക്കാർ ഗ്രാന്റുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | ലാപ്സായ തുക |
|---|---|
| വികസനഫണ്ട്-ജനറൽ | 1695508 |
| വികസനഫണ്ട്-എസ്.സി.പി | 109481 |
| വികസനഫണ്ട്- ടി.എസ്.പി. | 0 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ്(Untied) | 5381861 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ്(Tied) | 1914811 |
| മെയിന്റനൻസ് ഗ്രാന്റ്-Road | 481565 |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 1015069 |
| ആകെ ലാപ്സായ തുക | **1,05,98,295** |

സ്പിൽ ഓവർ പ്രോജക്ടുകൾക്കുള്ള ക്യാരി ഓവർ വിഹിതം തുടർന്ന് സർക്കാരിൽ നിന്നും ലഭിച്ചിട്ടില്ലാത്തതിനാൽ സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ട 1.05 കോടി രൂപ ആത്യന്തികമായി ഗ്രാമപഞ്ചായത്തിന് നഷ്ടമായി. 1.05കോടിയിലധികം രൂപ തൻവർഷം ചെലവഴിക്കാനാവാതെ പാഴായി എന്നത് ഗ്രാമപഞ്ചായത്ത് ഗൗരവത്തോടെ വിലയിരുത്തേണ്ടതും ഭാവിയിൽ വിനിയോഗലക്ഷ്യം കൈവരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. ഭരണസമിതിയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-6 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2020-21 വർഷം 449പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ 20 വാർഡിലെയും ലേബർ ഗ്രാമസഭ ചേർന്ന് ലേബർ ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഓഡിറ്റ് വർഷത്തെ ലേബർ ബജറ്റ് പ്രകാരം 2001 പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 374 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 264 പ്രവൃത്തികൾ പൂർത്തീകരിക്കാനായിട്ടുണ്ട്. 138156 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 797 തൊഴിലാളികൾ 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. പഞ്ചായത്തിൽ ആകെയുള്ള 213 അയൽക്കൂട്ടങ്ങളിൽ 63 എണ്ണം പദ്ധതിയുമായി സഹകരിച്ചിട്ടുണ്ട്. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി തോട് ആഴം കൂട്ടൽ, മീൻകുളങ്ങൾ നിർമ്മാണം തുടങ്ങിയ പ്രവൃത്തികളാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വരവ് ചെലവ് കണക്കുകളും ,

സ്ഥാപനത്തിലെ ക്യാഷ് ബുക്ക് പ്രകാരമുള്ള കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ് ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | | **309709.5** |
| വരവ് | 2020-21 EFMS വരവ് | 49749138/- | **50822810/-** |
| | ക്യാഷ് വരവ് (പലിശ ഉൾപ്പടെ) | 1073672/- | |
| | ആകെ വരവ് | 50822810/- | |
| ആകെ(മുന്നിരിപ്പും വരവും ഉൾപ്പടെ) | | | **51132519.5/-** |
| ചെലവ് | തൊഴിലാളികളുടെ വേതനം | 40844357/- | **50714438/-** |
| | വിദഗ്ദ തൊഴിലാളികളുടെ വേതനം | 1104742/- | |
| | ഉപകരണ വില, വാടക | 6154890/- | |
| | ഭരണച്ചെലവ്(ശമ്പളം ഉൾപ്പടെ) | 1068200/- | |
| | 100 ദിവസത്തെ ജോലി -ഇൻസെന്റീവ് | 507000 | |
| | അഡ്വാൻസ് - തിരികെ | 1035249 | |
| | ആകെ ചെലവ് | 50714438/- | |
| നീക്കിയിരിപ്പ് | | | **418081.50/-** |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പദ്ധതിയുടെ പേര് | ചെലവഴിച്ചതുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 18720 | 26 |
| കർഷകതൊഴിലാളി | 24,419,800 | 1287 |

| | | |
|---|---|---|
| പെൻഷൻ | | |
| വിധവാ പെൻഷൻ | 18,240,200 | 952 |
| വാർദ്ധക്യകാല പെൻഷൻ | 49,835,200 | 2786 |
| വികലാംഗ പെൻഷൻ | 7697300 | 407 |
| സാധുക്കളായ വിധവകളുടെ പെൺമക്കളുടെ ധനസഹായം | 150000 | 5 |

**1-8 ക്യാഷ് പരിശോധന**

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04.03.2022 3.30 PM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 76,669/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

**1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം**

ഗ്രാമപഞ്ചായത്തിൽ വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ജീവനക്കാർക്ക് ജോലി വിഭജനം ചെയ്ത് നൽകിയിട്ടുണ്ട്. സെക്ഷനുകളിലെ വിവധ ജോലികൾ അതാത് സെക്ഷന്റെ ചുമതലയുള്ളവർ തന്നെ നിർവ്വഹിക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. വാർഷിക കണക്കുകളുമായി ബന്ധപ്പെട്ട അടിസ്ഥാന രേഖകൾ, രജിസ്റ്ററുകൾ എന്നിവ സൂക്ഷിക്കുന്നതിൽ അലംഭാവം കാണിക്കുന്നു. പ്രത്യേക ഫണ്ടുകളുടെ വിനിയോഗം നിരീക്ഷിക്കുന്ന രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ കൃത്യമായി എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ പോരായ്മകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം**

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട്/ തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.2.2019 | 1/2019 | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.12.2014 മുതൽ 15.1.2015 വരെ | 2009-10 മുതൽ 2013-14 വരെ | No.LBA(HQ)II/8A-2238/341/ 4.3.2015 |

**1-11 ക്ലോസ് ചെയ്ത ട്രഷറി അക്കൗണ്ടിൽ 33276/- രൂപ ക്രെഡിറ്റ് ആയിരിക്കുന്നു.**

ട്രഷറി ഡയറക്ടറുടെ 30/04/2020 ലെ TRY/1385/2020-F2 നിർദ്ദേശപ്രകാരം ഗ്രാമപഞ്ചായത്തിന്റെ പേരിലുണ്ടായിരുന്ന 708021400000010 എന്ന STSB അക്കൗണ്ട് ക്ലോസ് ചെയ്തിരുന്നതാണ്. എന്നാൽ ടി അക്കൌണ്ടിൽ 33,276/- രൂപ 14.07.2021 ൽ വരവ് വന്നതായി കാണുന്നു. നിലവിലുണ്ടായിരുന്ന STSB അക്കൗണ്ട് സ്റ്റാറ്റസ് ക്ലോസ്ഡ് ആയി രേഖപ്പെടുത്തേണ്ടതാണെന്ന് ട്രഷറി ഡയറക്ടർ ബന്ധപ്പെട്ട ട്രഷറി

ഓഫീസർക്ക് നിർദ്ദേശം നൽകിയിരുന്നു. ക്ലോസ്ഡ് അക്കൗണ്ടായതിനാൽ നിലവിൽ ടി അക്കൗണ്ടിന്റെ റീകൺസിലിയേഷൻ നടത്തിവരുന്നില്ല. ക്ലോസ് ചെയ്ത അക്കൗണ്ടിൽ തുക ക്രെഡിറ്റ് ആയതിന്റെ വിശദാംശം രേഖാമൂലം അറിയിയിക്കാൻ നൽകിയ എൻക്വയറിയ്ക്ക് (24/13.03.22) ലഭ്യമാക്കിയ മറുപടിയിൽ 14.07.2021 ൽ EPOC ആയി ക്രഡിറ്റ് ആയ തുകയാണ് എന്നും പരിഹരിയ്ക്കുന്നതിന് ട്രഷറി ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ട് എന്നും അറിയിച്ചു.

**1-12 ചെക്ക് തുകകൾ കാലാവധി കഴിഞ്ഞ ചെക്കുകളുടെ അക്കൗണ്ടിലേയ്ക്ക് ബാദ്ധ്യതയായി മാറ്റിയിട്ടില്ല**

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 46 അനുസരിച്ച് ചെക്കുകൾ അവയുടെ കാലാവധിയ്ക്കുള്ളിൽ മാറാതിരിയ്ക്കുകയും കാലാവധി ദീർഘിപ്പിച്ച് നൽകാതിരിയ്ക്കുകയും ചെയ്യുകയാണെങ്കിൽ പ്രസ്തുത ചെക്കുകളുടെ തുകകൾ കാലാവധി കഴിഞ്ഞ ചെക്കുകളുടെ അക്കൗണ്ടിലേയ്ക്ക് ബാദ്ധ്യതയായി മാറ്റേണ്ടതും ബാങ്ക് ബുക്കിൽ ഡെബിറ്റ് ചെയ്യേണ്ടതുമാണ്. എന്നാൽ 2020-21 വർഷത്തെ വിവിധ ബാങ്കുകളുടെ റക്കൺസിലീയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ട്രഷറി സേവിംഗ്സ് ബാങ്ക്, അയ്മനം വില്ലേജ് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് എന്നീ അക്കൗണ്ടുകളിൽ 3 മാസത്തിനു ശേഷവും ഇഷ്യൂ ചെയ്ത ചെക്കുകൾ Withdrawal ആകുകയോ Stale Cheque ആക്കുകയോ ചെയ്തിട്ടില്ലാത്തതായി കാണുന്നു. 2020-21 വർഷത്തെ ധനകാര്യപത്രികയിൽ 6000/- രൂപ മാത്രമാണ് Stale Cheque ഇനത്തിൽ വരവ് വന്നിട്ടുള്ളത്. ബാലൻസ് ഷീറ്റിൽ Liability ഇനത്തിൽ ഉൾപ്പെടുത്തിയിട്ടുമില്ല. 31.03.2021 ൽ 7516/- രൂപ ആകെ മൂല്യത്തിലുള്ള പല ചെക്കുകൾ Uncashed Cheque എന്ന Description ൽ 280200401 എന്ന ഹെഡ്ഡിൽ റസീപ്റ്റ് ചെയ്തിരിയ്ക്കുന്നു.

റിസർവ് ബാങ്കിന്റെ 04.11.2011 ലെ ആർ.ബി.ഐ/2011-12/251 നമ്പർ സർക്കുലർ പ്രകാരം ചെക്ക്/ഡിഡി യുടെ കാലാവധി 3 മാസം ആണ് എന്ന് വ്യക്തമാക്കിയിരിയ്ക്കുന്നു. മേൽ വ്യവസ്ഥ പ്രകാരം ഇഷ്യൂ ചെയ്ത ചെക്കുകൾ 3 മാസത്തിന് മുൻപ് Withdrawl ആക്കുകയോ Stale Cheque ആക്കുകയോ ചെയ്യേണ്ടതാണ്. തുടർ വർഷങ്ങളിൽ മേൽ ഉത്തരവുകൾ പാലിച്ചുകൊണ്ട് അക്കൌണ്ടിംഗ് നടത്തേണ്ടതാണ്.

**1-13 പിൻവലിച്ച ചെക്കുകളുടെ വിശദാംശം പാസ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല**

2020-21 വർഷത്തെ വിവിധ ബാങ്കുകളുടെ റിക്കൺസിലീയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ താഴെ പറയുന്ന അക്കൗണ്ടുകളിൽ ഫെബ്രുവരി 2021 ലെ സ്റ്റേറ്റ്മെന്റിൽ Withdrawal ആകാത്ത ചെക്കുകൾ ഉണ്ടെങ്കിലും മാർച്ച് 2021 ലെ റീക്കൺസിലീയേഷൻ സ്റ്റേറ്റ്മെന്റിൽ മേൽ ചെക്കുകൾ പിൻവലിച്ചതായി കാണുകയും എന്നാൽ അതേ ബാങ്ക് പാസ് ബുക്കിൽ പിൻവലിച്ചതായി രേഖപ്പെടുത്തലുകൾ ഇല്ലാത്തതായും കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു

| വൗച്ചർ നം., തീയതി | ഇൻസ്ട്രുമെന്റ് നം., തീയതി | തുക |
|---|---|---|
| ട്രഷറി റ്റിഎസ്ബി. (A/C.No.799013000000672) | | |
| 22000803/11.11.2020 | 5236521/16.10.20 | 29500 |
| 22000804/11.11.2020 | 5236521/16.10.20 | 37870 |
| 22000687/16.10.20 | 5236521/16.10.20 | 46022 |
| 22000685/16.10.20 | 5236521/16.10.20 | 4800 |
| 22000686/16.10.20 | 5236521/16.10.20 | 5475 |
| 22000684/16.10.20 | 5236521/16.10.20 | 29500 |
| 32000142/28.09.20 | 5236509/ | 5000 |
| 32000077/06.07.20 | 5236502/08.06.20 | 12687 |
| 32000202/18.12.20 | 5236519 | 100657 |
| ***Aymanam Village Service Co-Operative Bank (Own Fund)*** | | |
| | | |

| | | |
|---|---|---|
| 22000848/09.12.20 | 10182/25.11.20 | 111 |
| 22000905/15.12.20 | 10192/15.12.20 | 600 |
| 22000795/11.11.20 | 10165/10.11.20 | 1070 |
| 22000816/17.11.20 | 10175/13.11.20 | 8000 |
| 21901738/30.3.20 | 9898/30.03.20 | 243 |
| 21901668/13.03.20 | 9863/12.03.20 | 2400 |
| 21901430/11.02.20 | 9770/07.02.20 | 1000 |
| 21901494/22.02.20 | 9786/14.02.20 | 150 |
| 22000499/25.08.20 | 10086/20.08.20 | 8600 |
| 21901671/13.03.20 | 9864/12.03.20 | 500 |
| 21901672/13.03.20 | 9865/12.03.20 | 1500 |
| 21901719/30.03.20 | 9884/24.03.20 | 958 |
| 21901723/30.03.20 | 9888/24.03.20 | 265 |
| 22000116/11.04.20 | 9940/11.05.20 | 650 |
| 22000849/09.12.20 | 10182/25.11.20 | 5212 |

ചെക്കുകൾ പിൻവലിച്ചതിന്റെ വിശദാംശം ബാങ്ക് പാസ് ബുക്ക് പരിശോധിച്ചതിൽ വ്യക്തത വരാത്തതിനാൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 28/14.03.22 ന് മറുപടി ലഭ്യമാക്കിയില്ല. മേൽ ചെക്കുകളുടെ പിൻവലിക്കൽ വിശദാംശം രേഖാമൂലം അറിയിക്കേണ്ടതാണ്.

## 1-14 പ്രത്യേക ആവശ്യത്തിനുള്ള ഗ്രാന്റുകൾ - ദീർഘകാലമായി പഞ്ചായത്ത് ഫണ്ടിന് ബാധ്യത

പ്രത്യേക ആവശ്യത്തിന് വിവിധ ഏജൻസികളിൽ നിന്നും ലഭിച്ച തുകകൾ ചെലഴിക്കാതെ തനത് ഫണ്ടിൽ സൂക്ഷിക്കുന്നുണ്ട്. 31/03/2021 ലെ ബാലൻസ് ഷീറ്റ് ബി4 ഷെഡ്യൂളിൽ ടി തുകകളുടെ നീക്കിയിരിപ്പ് താഴെ വിവരിക്കും പ്രകാരം ഉൾപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | ഹെഡ് ഓഫ് അക്കൗണ്ട് | വിവരണം | തുക |
|---|---|---|---|
| 1 | 320100115 | കേന്ദ്രാവിഷ്കൃത പദ്ധതി - സമ്പൂർണ്ണ ശുചിത്വയജ്ഞം | 1515159 |
| 2 | 320100121 | കേന്ദ്രാവിഷ്കൃത പദ്ധതി- ഐ.സി.ഡി.എസ് | 1125729 |
| 3 | 320100116 | സർവ്വ ശിക്ഷ അഭയാൻ | 71400 |
| 4 | 320100126 | പൈക്ക | 68257 |
| 5 | 320100299 | കേന്ദ്ര സർക്കാരിൽ നിന്നുള്ള പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ്- | 367477 |
| 6 | 320200302 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് | 1072000 |
| 7 | 320200309 | ലിറ്ററസി സ്കീം ഗ്രാന്റ് | 11564 |
| 8 | 320200310 | വരൾച്ച ദുരിതാശ്വാസ ഗ്രാന്റ് | 51300 |
| 9 | 320200322 | ശുചിത്വ മിഷൻ ഗ്രാന്റ് | 1026384 |
| 10 | 320300102 | ജലനിധി | 6087599 |
| 11 | 320700104 | സംയുക്ത പ്രോജക്ടുകൾക്കുള്ള വിഹിതം-ബ്ലോക്ക് പഞ്ചായത്ത് | 227427 |

| | | | |
|---|---|---|---|
| 12 | 320700205 | സംയുക്ത പ്രോജക്ടുകൾക്കുള്ള വിഹിതം-ജില്ലാ പഞ്ചായത്ത് | 3201142 |
| 13 | 320700405 | സ്പെസിഫിക്ക് പർപ്പസ് പ്രോജക്ടുകൾക്കുള്ള വിഹിതം-ജില്ലാ പഞ്ചായത്ത് | 211441 |
| 14 | 320800101 | ബെനിഫിഷറി കോൺട്രിബ്യൂഷൻ | 916650 |

പ്രത്യേക ഫണ്ടുകളുടെ വിനിയോഗം നിരീക്ഷിക്കുന്ന രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

മേൽ തുകകൾ ലഭിച്ച വർഷം ,ആവശ്യം ,ചെലവഴിക്കാത്തതിന്റെ കാരണം തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (നം. 9/08.03.22) മറുപടി ലഭ്യമാക്കിയില്ല. ഗ്രാന്റ് തുക നിർദ്ദേശിക്കപ്പെട്ട ആവശ്യത്തിന് ചെലവഴിക്കുകയോ അല്ലാത്തപക്ഷം തിരികെ അടവാക്കിയോ പഞ്ചായത്തിന്റെ ബാധ്യത ഒഴിവാക്കേണ്ടതാണ്.

## 1-15 സർക്കാർ ഡ്യൂസ് അടച്ചിട്ടില്ല

വാർഷികകണക്ക് B9 ഷെഡ്യൂളിൽ താഴെപറയുന്ന ശീർഷകത്തിൽ സർക്കാരിലേക്ക് അടയ്ക്കാനുള്ള തുകകൾ ബാദ്ധ്യതയായി രേഖപ്പെടുത്തിയിട്ടുണ്ട്

| ശീർഷകം | വിവരണം | തുക |
|---|---|---|
| 350300103 | സർക്കാർ ഡ്യൂസ് - വാറ്റ് | 27600 |
| 350409901 | റീഫണ്ട് പേയബിൾ - മറ്റിനം | 3430 |
| 350300199 | സർക്കാർ ഡ്യൂസ്-മറ്റിനം | 129906 |

ടി തുകകൾ സർക്കാരിലേക്ക് അടവാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (നം. 10/08.03.22) മറുപടി ലഭ്യക്കിയില്ല. സർക്കാർ ഗ്രാന്റ് അതാത് ശീർഷകത്തിലേക്ക് അടയ്ക്കേണ്ടതും പഞ്ചായത്തിന്റെ ബാദ്ധ്യതയിൽ നിന്നും ഒഴിവാക്കേണ്ടതുമാണ്.

## 1-16 മുൻകൂറിന്റെ വിശദാംശങ്ങൾ ലഭ്യമായില്ല

വിവിധ നിർവ്വഹണോദ്യോഗസ്ഥർ, നിർവ്വഹണ ഏജൻസികൾ എന്നിവയ്ക്ക് നൽകുന്ന തുകകൾ മുൻകൂറായി വാർഷികകണക്കുകൾ ബി 18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുണ്ട് .

| ശീർഷകം | വിവരണം | തുക |
|---|---|---|
| 460100103 | ടെമ്പററി അഡ്വാൻസ് | 59340 |
| 460100199 | മറ്റ് അഡ്വാൻസ് | 295550 |
| 460500202 | KSEB | 4437011 |
| 460500205 | PWD | 1740000 |
| 460500399 | മറ്റ് ഏജൻസികൾക്ക് നൽകിയ മുൻകൂർ | 1706064 |
| 460500401 | നിർമ്മിതി കേന്ദ്രത്തിന് നൽകിയ മുൻകൂർ | 50000 |
| 460500412 | IRTC ക്ക് നൽകിയ മുൻകൂർ | 300000 |
| 460500501 | നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകിയ മുൻകൂർ | 1078876 |
| 460509901 | മറ്റുള്ളവർക്ക് നൽകിയ മുൻകൂർ | 976719 |
| 460600199 | മറ്റ് ഡെപ്പോസിറ്റ് | 35000 |

ടി തുകളുടെ വിശദാംശങ്ങൾ, ക്രമീകരിച്ചതിന്റെ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല . മേൽ പട്ടിക പ്രകാരം നിർവ്വഹണ ഏജൻസിക്ക് നൽകിയ മുൻകൂറുകൾക്ക് പുറമേ ജീവനക്കാർക്ക് നൽകിയ മുൻകൂറുകളും ഉൾപ്പെടുന്നു.ധനകാര്യവകുപ്പിന്റെ 4.10.2011-ലെ 419/2011/ധന നമ്പർ ഉത്തരവുപ്രകാരം മുൻകൂറായി കൈപ്പറ്റുന്ന തുക മൂന്ന് മാസത്തിനുള്ളിൽ ക്രമീകരിക്കേണ്ടതും അല്ലാത്തപക്ഷം കൈപ്പറ്റിയ തീയതി മുതൽ തിരിച്ചടക്കുന്നതുവരെയുള്ള കാലയളവിലേക്ക് 18% പലിശ കണക്കാക്കി മുഴുവൻ തുകയും പലിശ സഹിതം ഈടാക്കേണ്ടതുമാണ്. ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**<u>1-17 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.</u>**

1994 ലെ കേരള പഞ്ചായത്ത്രാജ് നിയമം വകുപ്പ് 204 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന എതൊരാളുടെ മേലും തൊഴിൽ നികുതി ചുമത്താവുന്നതാണെന്ന് വ്യവസ്ഥ ചെയ്യുന്നു.

2020-21 വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ കൊടുത്തിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയതായി രേഖപ്പെടുത്തലുകളില്ല.

1. ഗവ. ആയുർവേദ ഡിസ്പെൻസറി, കരീമഠം (രണ്ട് അർദ്ധവർഷങ്ങൾ)
2. ജലനിധി പ്രോജക്ട് കമ്മീഷണർ ഓഫീസ് (രണ്ട് അർദ്ധവർഷങ്ങൾ)
3. അക്ഷയ ഗോൾഡ് ലോൺ (രണ്ടാം അർദ്ധവർഷം)
4. യൂണിപവർ സിസ്റ്റം, അയ്മനം (രണ്ടാം അർദ്ധവർഷം)
5. റിലയൻസ് എസ്.എം.എസ്.എൽ. ലിമിറ്റഡ് (രണ്ട് അർദ്ധവർഷങ്ങൾ)
6. നീതി സ്റ്റോർ, അയ്മനം (രണ്ട് അർദ്ധവർഷങ്ങൾ)
7. കുടമാളൂർ ക്ഷീര വ്യവസായ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (രണ്ട് അർദ്ധവർഷങ്ങൾ)
8. വല്യാട് ക്ഷീരോൽപ്പാദക സഹകരണ സംഘം (രണ്ട് അർദ്ധവർഷങ്ങൾ)
9. ഇരവീശ്വരം ദേവസ്വം (ഒന്നാം അർദ്ധവർഷം)
10. കിംസ് ഹോസ്പിറ്റൽ (രണ്ടാം അർദ്ധവർഷം)
11. ക്ഷീരസംഘം, ചീപ്പുങ്കൽ (രണ്ടാം അർദ്ധവർഷം)

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ വിശദാംശം ആവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറി നം.13/08.03.22 ന് മറുപടി ലഭ്യമാക്കിയില്ല. മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

**<u>1-18 പഞ്ചായത്തിലെ വിവിധ വ്യാപാര സ്ഥാപനങ്ങൾ ,ക്ഷീരോൽപ്പാദക സംഘങ്ങൾ കള്ളുഷാപ്പുകൾ എന്നിവ ലൈസൻസ് എടുത്തതായി കാണുന്നില്ല. സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.</u>**

| പേര് വിവരം | സ്ഥാപനം |
|---|---|
| ഷിനോയി പി ചെറിയാൻ-9/26 | റെഡിമെയ്ഡ് വസ്ത്രവ്യാപാരം |
| ജലജമണി വി എസ് -9 | നന്ദനം ഫാൻസി |
| രജനി കെ എസ് -14/79 | മരങ്ങാട്ടിൽ സ്റ്റോഴ്സ് |
| പി ആർ രാജേഷ് -3/172 | എവർഗ്രീൻ പാക്കഡ് ഫുഡ് |
| ജോസഫ് കെ ചെറിയാൻ -10/53 | ഒലീവിയ കൺസ്ട്രക്ഷൻസ് |
| സന്തോഷ് പി എൻ-15/582/ | ഹോട്ടൽ |

| | |
|---|---|
| ബിനിതമ്മ എൻ ജെ -20/582 | തുണിക്കട |
| ബിന്ദുമോൾ പി കെ | ഉഷസ് ഫ്ലവർമിൽ |
| ശോഭന കെ ആർ | ഫോൺ,വാഹന സെക്യൂരിറ്റി |
| കോക്കനട്ട് ലെഗൂൺ | റിസോർട്ട് |
| കുടമാളൂർക്ഷീരവ്യവസായകോഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്. | |
| വല്യാട് ക്ഷീരോദ്പാദക സഹകരണ സംഘം. | |
| T.S.No.58- കുടയംപടി | കള്ളുഷാപ്പ് |
| T.S.No.40-ആലുംചുവട് | ,, |
| T.S.No.54-പരിപ്പ് നോർത്ത് | ,, |
| T.S.No.53 | ,, |
| T.S.No.55-അലക്കകടവ് | ,, |

2. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതും കുത്തകാവകാശം വാടകയ്ക്ക് ഏറ്റെടുത്തിട്ടുള്ളതുമായ താഴെ കൊടുത്തിട്ടുള്ള സ്ഥാപനയുടമകൾ പഞ്ചായത്ത് സെക്രട്ടറി നൽകുന്ന ലൈസൻസ് എടുക്കാതെയാണ് സ്ഥാപനങ്ങൾ നടത്തി വരുന്നതെന്ന് ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ വ്യക്തമായി. ആകെ വാടകയ്ക്ക് കൊടുത്ത മുറികളിൽ 2 മുറികളുടെ കുത്തകക്കാർ മാത്രമാണ് ലൈസൻസെടുത്തതായി കാണുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാടകക്കാരന്റെ പേര് | കെട്ടിട നം. |
|---|---|---|
| 1 | സുമിത കെ.എസ്., സരളഭവൻ | 13/369 |
| 2 | ദീനാമ്മ മാത്യു, കറുകപ്പുറത്ത് | 13/370 |
| 3 | ശോഭന കെ.ആർ., പാലത്താറ്റിൽ | 13/371 |
| 4 | ഉഷ പ്രകാശൻ, കിഴക്കേച്ചിറ | 13/372 |
| 5 | ത്ര്യേസ്യാമ്മ തോമസ്, പടിഞ്ഞാറേപറമ്പിൽ | 13/373 |
| 6 | പ്രസിഡന്റ്, ക്രിസ്ത്യൻ സ്വയം സഹായ സംഘം | 4/399 |
| 7 | ബിനോയ് ജേക്കബ്, വലിയപറമ്പിൽ | 4/400 |
| 8 | ബിനോയ് ജേക്കബ്, വലിയപറമ്പിൽ | 4/401 |
| 9 | കുഞ്ഞുമോൻ, കഞ്ഞിപ്പടവിൽ | 4/402 |
| 10 | റെജിമോൾ, കഞ്ഞിപ്പടവിൽ | 4/403 |
| 11 | പ്രസിഡന്റ്, ക്രിസ്ത്യൻ സ്വയം സഹായ സംഘം | 4/404 |

പഞ്ചായത്ത് വാടകയ്ക്ക് നൽകിയിട്ടുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന മേൽ സ്ഥാപനങ്ങൾ ലൈസൻസെടുക്കാതെ പ്രവർത്തിക്കുന്നതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുനൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (21/12.03.22) കോവിഡ് മഹാമാരി മൂലം പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിൽ വാപാരസ്ഥാപനങ്ങൾ തുറന്നു പ്രവർത്തിച്ചിട്ടില്ലെന്നും, കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ പഞ്ചായത്ത് ശ്രദ്ധ കേന്ദ്രീകരിച്ചതിനാൽ ഫീൽഡ്തല പരിശോധന നടത്തി എല്ലാ

വ്യാപാരസ്ഥാപനങ്ങൾക്കും ലൈസൻസ് പുതുക്കി നൽകാൻ കഴിഞ്ഞില്ലെന്നും മറുപടി ലഭ്യമാക്കി. ഇത്തരത്തിൽ സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നത് ക്രമപ്രകാരമല്ല. ആയതിനാൽ മേൽ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പാക്കേണ്ടതുമാണ്.

## 1-19 മരം വെട്ടിമാറ്റൽ - ലേലം ചെയ്തില്ല.

കമ്മനം ഗവ.സ്കൂളിന് പരിസരത്തുള്ള വാകമരം വെട്ടിമാറ്റിയതിന് ഭാസ്കരൻ , മേവറ എന്ന വ്യക്തിക്ക് നൽകാനായി വൗച്ചർ നമ്പർ 22001370/26.2.21 പ്രകാരം 22000 രൂപ തനത്ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട് ( 24.3.20 ലെ 8(1) നമ്പർ കമ്മറ്റി തീരുമാനം ). മരം ലേലം ചെയ്ത് മുതൽക്കൂട്ടിയതിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 8/07.03.22) മറുപടി ലഭ്യമായില്ല. മറുപടി ലഭ്യമാക്കുന്നതിലേക്കായി 22000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-20 സേവനപുസ്തക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

ഗ്രാമപഞ്ചായത്തിലെ ക്ലാർക്കായ ശ്രീ.മുജീബ് റഹ്മാൻ 17.3.1998ൽ സേവനത്തിൽ പ്രവേശിച്ചതാണെങ്കിലും നാളിതുവരെ ടിയാന്റെ പ്രൊബേഷൻ ഡിക്ലയർ ചെയ്തിട്ടില്ല. നിശ്ചിത സമയത്തിനുള്ളിൽ പ്രൊബേഷൻ തൃപ്തികരമായി പൂർത്തീകരിക്കുവാൻ സാധിക്കാതെ വരുമ്പോൾ KS & SS Rules 1958 Rule 21 പ്രകാരം പരമാവധി ഒരു വർഷം വരെ നിയമനാധികാരിയ്ക്കും അതിനുശേഷം സർക്കാരിനും പ്രൊബേഷൻ കാലം ദീർഘിപ്പിച്ച് നൽകാവുന്നതാണ്. എന്നാൽ ഇപ്രകാരം പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് വാങ്ങാതെയാണ് ശ്രീ മുജീബിനെ സർവീസിൽ തുടരാൻ അനുവദിച്ചിട്ടുള്ളത്. ടിയാളുടെ സേവനപുസ്തകം പരിശോധനയിൽ ടിയാളെ 29.11.2003 ൽ സേവനത്തിൽ നിന്നും സസ്പെൻഡ് ചെയ്യുകയും, 13.07.2004ൽ സേവനത്തിൽ പുനപ്രവേശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ടിയാളുടെ സേവനപുസ്തകത്തിൽ സസ്പെൻഷൻ കാലയളവ് എങ്ങനെ പരിഗണിച്ചു എന്നത് സംബന്ധിച്ച രേഖപ്പെടുത്തലുകളില്ല. ടിയാനെ 28.11.2007ൽ വീണ്ടും സർവീസിൽ നിന്നും സസ്പെൻഡ് ചെയ്യുകയും, 29.01.2015ൽ സർവീസിൽ പുനപ്രവേശിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ടിയാളുടെ സസ്പെൻഷൻ കാലയളവ് എപ്രകാരം പരിഗണിക്കാമെന്നുള്ള മേലധികാരികളുടെ യാതൊരുവിധ രേഖപ്പെടുത്തലും സേവനപുസ്തകത്തിലില്ല. 19.7.2004ൽ ടിയാളുടെ ശമ്പളം 6080/-രൂപയായി നിശ്ചയിച്ച് നൽകിയിരിക്കുന്നത് വെയിറേറജ് കണക്കാക്കിയാണ്. 2004 ലെ ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം പ്രൊബേഷൻ ഡിക്ലയർ ചെയ്യാത്തവർക്ക് വെയിറ്റേജിന് അർഹതയില്ല. വെയിറ്റേജ് ഒഴിവാക്കി 2004 ലെ ശമ്പളം പുനർ നിർണയിക്കേണ്ടതും, തുടർന്ന് വരുന്ന ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരമുള്ള ശമ്പള നിർണയങ്ങൾ പുനർ നിർണയിക്കേണ്ടതുമാണ്.

## 1-21 റിക്കവറി തുക- അടവ് രേഖകൾ ലഭ്യമായില്ല.

ശ്രീ അരുൺകുമാർ എൻ, സെക്രട്ടറിയുടെ ശമ്പളത്തിൽ നിന്നും 2300 രൂപ കെ.എസ്.എഫ് .ഇ യിൽ അടവാക്കാൻ റിക്കവർ ചെയ്തിരുന്നു. വൗച്ചർ നമ്പർ 52000027/3.4.20 പ്രകാരം ടി തുക കെ.എസ്.എഫ് .ഇ യിൽ അടവാക്കാൻ പിൻവലിച്ചിട്ടുണ്ട്. തുക അടവാക്കിയതിന്റെ രേഖകൾ ലഭ്യമായില്ല. അപാകത ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 1/07.03.22) രേഖകൾ ലഭ്യമാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. രേഖകൾ ലഭ്യമാക്കുന്നതുവരെ 2300 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-22 യു.പി.എസ്സിന് എ.എം.സി - ക്വട്ടേഷൻ ക്ഷണിച്ചില്ല.

യു.പി.എസ്സിന് എ.എം.സി ഇനത്തിൽ വൗച്ചർ നമ്പർ 22000146/15.5.20 പ്രകാരം 9440 രൂപ ഹൈക്കൺ ഇന്ത്യ, ലിമിറ്റഡിന് നൽകിയിട്ടുണ്ട്. എ.എം.സി ഇനത്തിൽ മൽസരക്ഷമത ഉറപ്പിക്കാൻ ക്വട്ടേഷൻ ക്ഷണിച്ചില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 3/07.03.22) സപ്ളൈ ചെയ്ത സ്ഥാപനത്തിൽ നിന്നു തന്നെ എ.എം.സി ലഭിക്കുന്നത് കൂടുതൽ

ഫലപ്രദമാകുമെന്നതിനാലാണ് പഞ്ചായത്ത് കമ്മറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുക നൽകിയതെന്ന് മറുപടി ലഭ്യമായി. അപാകത ആവർത്തിക്കാതിരിക്കേണ്ടതാണ്.

**1-23 സ്ഥലം അളന്ന് തിരിക്കൽ - സ്വകാര്യ വ്യക്തിയെ ഏൽപ്പിച്ചു.**

വലിയമടക്കുളം ടൂറിസം പദ്ധതിക്കായി ഗ്രാമപഞ്ചായത്തിന്റെ 5 ഏക്കർ 24.5 സെന്റ് സ്ഥലം അളന്ന് തിട്ടപ്പെടുത്തി പ്ളാൻവരച്ച് നൽകാൻ 26.8.20 ലെ 6(7) നമ്പർ തീരുമാനപ്രകാരം അജേഷ് വിജയൻ , ചൂണ്ടയിൽ എന്ന വ്യക്തിയെ ചുമതലപ്പെടുത്തി. വൗച്ചർ നമ്പർ 22000627/23.9.20 പ്രകാരം 15500 രൂപ ചെലവഴിച്ചു. സർക്കാർ ഭൂമി അളക്കുവാൻ ഗവ.സർവ്വയറെ ഏൽപ്പിക്കാതെ സ്വകാര്യവ്യക്തിയെ ഏൽപ്പിച്ചതിന് സെക്രട്ടറി വിയോജനം രേഖപ്പെടുത്തിയിട്ടുണ്ട്. സെക്രട്ടറിയുടെ അഭിപ്രായം മറികടന്ന് സ്വകാര്യവ്യക്തിയെ സർക്കാർ ഭൂമി അളന്ന് തിട്ടപ്പെടുത്താൻ ഏൽപ്പിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 6/07.03.22) മറുപടി ലഭ്യമായില്ല. വിശദീകരണം ലഭ്യമാക്കുന്നതിലേക്കായി 15500 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-24 പ്രീ മൺസൂൺ ക്ളീനിംഗ് - വൗച്ചറുകൾ ലഭ്യമായില്ല.**

പ്രീ മൺസൂൺ ക്ളീനിംഗിനായി 5000 രൂപ വീതം 20 വാർഡുകളിലേയ്ക്ക് വാർഡ് തല സമിതിയുടെ അക്കൗണ്ടുകളിലേയ്ക്ക് നൽകിയിട്ടുണ്ട് (വൗച്ചർ നമ്പർ 22000589/24.8.20 തുക 100000) . തുക ചെലവഴിച്ചതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമായില്ല. അപാകത ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നമ്പർ 4/07.03.22 ) മറുപടി ലഭ്യമായില്ല . മറുപടി ലഭ്യമാക്കുന്നതുവരെ 100000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-25 ഗാർഹിക മാലിന്യയൂണിറ്റ് (ജനറൽ) - പർച്ചേസ് ബിൽ ലഭ്യമായില്ല.**

| | |
|---|---|
| പ്രോജക്ട് നമ്പർ | 181/20-21 |
| ചെലവ്, ഫണ്ടിനം | 1304296/- , ധനകാര്യകമ്മീഷൻ ഗ്രാന്റ്<br>652320/- ശുചിത്വമിഷൻ വിഹിതം<br>344/- തനത് ഫണ്ട്<br>217440/- ഗുണഭോക്തൃവിഹിതം (10%) |
| ബിൽ നമ്പർ, തീയതി (വികസന ഫണ്ട്) | 1/20-21,,22.5.20 = 434536<br>2/20-21, 22.5.20 = 434880<br>3/20-21, 22.5.20 = 434880 |
| നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഒ, ഒളശ്ശ |

ജനറൽ വിഭാഗത്തിൽ പെട്ട 1208 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകാനാണ് പ്രോജക്ട് രൂപീകരിച്ചത്. IRTC മുഖാന്തിരം നടപ്പാക്കുന്ന പ്രോജക്ടിന് ഒരു യൂണിറ്റ് ഗാർഹിക പോർട്ടബിൾ ബിന്നിന് 1800 രൂപയാണ് കണക്കാക്കിയിരിക്കുന്നത്.

IRTC ഹാജരാക്കിയ ഇൻവോയിസുകൾ പ്രകാരം (നമ്പർ B2 C1/21.5.20, നമ്പർ B2 C1/21.5.20 ) 830 ഗാർഹിക പോർട്ടബിൾ ബിന്നുകൾ മാത്രമാണ് വിതരണം ചെയ്തിരിക്കുന്നത്. അവശേഷിക്കുന്ന ബിന്നുകൾ (378 എണ്ണം) വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമായില്ല. IRTC യിൽ നിന്നുള്ള ടാക്സ് ഇൻവോയിസും ലഭ്യമായില്ല.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 18/10.03.22) മറുപടി ലഭ്യമായില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിലേക്കായി 378 ബിന്നുകൾക്കായുള്ള 680400 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-26 പാലിയേറ്റിവ് നേഴ്സിന് സർക്കാർ നിർദ്ദേശം പാലിക്കാതെ ഇൻസെന്റീവ് നൽകി**

| | |
|---|---|
| പ്രോജക്റ്റ് നം | 31/21 |
| പ്രോജക്റ്റ് | പാലിയേറ്റിവ് കെയർ പദ്ധതി (പാലിയേറ്റിവ് നേഴ്സിന് ഇൻസെന്റീവ് ) |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (P H C) |
| ഫണ്ട് | 301099+200000=501099/- (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം, ബ്ലോക്ക് വിഹിതം) |
| ചെലവ് | 501099/- |

സ.ഉ(സാധാ)നം.1615/2020/ത.സ്വ.ഭ.വ തീ.07.09.2020 പ്രകാരം കോവിഡ് 19 കാലഘട്ടത്തിൽ ഗ്രാമപഞ്ചായത്തിലെ പാലിയേറ്റീവ് കെയർ നേഴ്സ്മാർക്ക് 2020 മാർച്ച് മാസം മുതൽ ആറുമാസത്തേയ്ക്ക് പ്രതിമാസം 1000 രൂപ വീതം ഇൻസെന്റീവ് അനുവദിക്കാമെന്ന് നിഷ്കർഷിച്ചിരുന്നു.പ്രസ്തുത ഉത്തരവിന് തുടർച്ചയായി 05.10.2020ലെ സ.ഉ(സാധാ)നം.1820/2020/ത.സ്വ.ഭ.വ നമ്പർ ഉത്തരവിൽ പ്രസ്തുത ഇൻസെന്റീവ് 2020 സെപ്റ്റംബർ മാസം മുതൽ ആറു മാസത്തേയ്ക്ക് കൂടി പ്രതിമാസം1000 രൂപ നിരക്കിൽ അനുവദിച്ചുകൊണ്ടും ഇതിനാവശ്യമായ തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ **തനത് ഫണ്ടിൽ** നിന്ന് ചെലവഴിക്കേണ്ടതാണെന്നും ഉത്തരവായിട്ടുണ്ട്. എന്നാൽ മേൽ പ്രോജക്റ്റിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ പാലിയേറ്റീവ് കെയർ നേഴ്സ്സായ ശ്രീമതി.സുവർണ്ണ ബാബുവിന് 2020 സെപ്തംബർമുതൽ 2021 ഫെബ്രുവരി വരെയുള്ള 6 മാസത്തേക്ക് ബ്ലോക്ക് വിഹിതത്തിൽ നിന്നും 6000 രൂപ ഇൻസെന്റീവ് നൽകിയിട്ടുള്ളതായി കാണുന്നു. ഇപ്രകാരം സർക്കാർ ഉത്തരവിന് വിരുദ്ധമായി 2020 സെപ്റ്റംബർ മുതലുള്ള 6 മാസക്കാലയളവിലേയ്ക്ക് തനത് ഫണ്ടിൽ നിന്ന് നൽകാതെ ബ്ലോക്ക് വിഹിതത്തിൽ നിന്നും നിന്ന് ഇൻസെന്റീവ് നൽകിയതിന്റെ കാരണം വിശദമാക്കുവാൻ ആവശ്യപ്പെട്ടുനൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (10/10.03.22) ടി പ്രോജക്റ്റിന് അനുവദിച്ച പഞ്ചായത്ത് വിഹിതം രണ്ടുലക്ഷം രൂപ തീർന്നതിനാലും, കോവിഡ് ലോക്ക്ഡൗൺ തുടരുന്ന സാഹചര്യത്തിൽ തനത് ഫണ്ടിൽ നിന്നും തുക ലഭിക്കാൻ സാധ്യത ഇല്ലാത്തതിനാലുമാണ് ബ്ലോക്ക് ഫണ്ടിൽ നിന്നും തുക അനുവദിച്ച് നൽകിയതെന്നും മറുപടി ലഭ്യമാക്കി. സർക്കാർ നിർദ്ദേശം പാലിച്ച് പദ്ധതികൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. തുകയുടെ വിവരം ചുവടെ ചേർക്കുന്നു

| ബിൽനം | മാസം | ഇൻസെന്റീവ് തുക |
|---|---|---|
| 8/12.03.21 | 09/20,10/20 | 2000 |
| 13/6.03.21 | 11/20 മുതൽ 02/21 വരെ | 4000 |

**1-27 മരുന്ന് പൂർണ്ണമായും ലഭ്യമായില്ല.**

1)

| | |
|---|---|
| പ്രോജക്റ്റ് നം. | 33/21 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) |
| ചെലവ് | 100000/- |
| ഫണ്ട് | 100000/- മെയിന്റനൻസ് ഫണ്ട്(റോഡിതരം) |
| ബിൽ നം. | 11/25.03.21 |

പാലിയേറ്റീവ് പരിചരണ പദ്ധതിയുടെ ഭാഗമായി പി.എച്ച്.സി.യിലേക്ക് മരുന്ന വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന്റെ കാരുണ്യഫാർമസിയുടെ പഞ്ചാബ് നാഷണൽ ബാങ്ക് (A/C No-3624001800000019) അക്കൗണ്ടിലേക്ക് 69287/-രൂപ 25.03.21 നൽകിയിരുന്നു. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 56819/-രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. ശേഷിക്കുന്ന 12468/-രൂപയുടെ മരുന്ന് ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (11/10.03.22) കോവിഡ് പശ്ചാത്തലത്തിൽ മരുന്നും അനുബന്ധ സാധനങ്ങളുടെയും സ്റ്റോക്ക് വരാൻ താമസിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. മരുന്ന് ലഭ്യമാക്കി സ്റ്റോക്കിൽ ചേർത്ത് വിവരം അറിയിക്കുന്നതുവരെ 12468/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2)

| | |
|---|---|
| പ്രോജക്റ്റ് നം. | 35/21, പാലിയോറ്റീവ് കെയർ -സ്ഥിരം രോഗി മരുന്ന് |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) |
| ചെലവ് | 200000/- |
| ഫണ്ട് | 200000/- മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| ബിൽ നം. | 7/24.02.21-64234/-<br>9/25.03.21-60941/-<br>15/30.03.21-74825/- |

പാലിയേറ്റീവ് പരിചരണ പദ്ധതിയുടെ (സ്ഥിരം രോഗിമരുന്ന്) ഭാഗമായി പി.എച്ച്.സി.യിലേക്ക് മരുന്ന വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന്റെ കാരുണ്യഫാർമസിയുടെ പഞ്ചാബ് നാഷണൽ ബാങ്കിന്റെ (A/C No-3624001800000019) അക്കൗണ്ടിലേക്ക് 200000/-രൂപ (64243+60941+74825)നൽകിയിരുന്നു. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ 71059/-

രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചതായി കാണുന്നത്. ശേഷിക്കുന്ന 128,941/- രൂപയുടെ മരുന്ന് ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (11/10.03.2022) മരുന്ന് സപ്ളൈ ചെയ്യുന്നതിന് കാരുണ്യ ഫാർമസിയിലേക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. മരുന്ന് ലഭ്യമാകുന്ന മുറക്ക് സ്റ്റോക്കിൽ ചേർത്ത് വിവരം അറിയിക്കുന്നതുവരെ 128,941/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-28 പൊതുടാപ്പുകളുടെ വെള്ളക്കരം സംയുക്ത പരിശോധന നടത്തിയിട്ടില്ല**

പഞ്ചായത്തിൽ 233 പൊതു ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ പ്രതിമാസം 101938 രൂപ അടവ് വരുന്നുണ്ട്. വെള്ളക്കരം അടവാക്കുന്നതിനായി മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) വകയിരുത്തി പ്രോജക്ട് പ്രകാരം തുക അടവാക്കുകയുമാണ് ചെയ്യുന്നത്. 1.4.2019 മുതൽ31.3.2020 വരെയുള്ള കാലയളവിൽ വാട്ടർ ചാർജിനത്തിൽ 1121564/-രൂപ (പ്രോജക്ട് നം. 76/20) മെയിന്റനൻസ് ഗ്രാന്റ് നോൺറോഡിൽ നിന്നും പ്രോജക്ടിലുൾപ്പെടുത്തി അടവാക്കിയിട്ടുണ്ട്. കൂടാതെ വാട്ടർ ചാർജ് കുടിശികയിനത്തിൽ 13842/- രൂപയും2019-20 വർഷം അടവാക്കിയിട്ടുണ്ട്. 2020-21 വർഷം 1325194/-രൂപയും (പ്രോജക്ട് നം. 46/20-21) വാട്ടർ ചാർജിനത്തിൽഅടവാക്കിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ മാർച്ച് 2021 ലെ ഡിമാന്റ് നോട്ടീസ് പ്രകാരം 28.2.2021 വരെ 316697/-- രൂപ കുടിശ്ശികയുള്ളതായും 6251/- രൂപ ടി കുടിശ്ശികയുടെ പിഴയായി അടക്കാനുള്ളതായും കാണുന്നു. വെള്ളക്കരമിനത്തിൽ ഇപ്രകാരം കുടിശ്ശികയും പിഴയുമുണ്ടാകുവാനുമുള്ള കാരണം വ്യക്തമാക്കേണ്ടതാണെന്നും, സമീപ വർഷങ്ങളിൽ ടാപ്പുകളുടെ സംയുക്ത പരിശോധന വാട്ടർ അതോറ്റിയുമായി ചേർന്ന് നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണെന്നും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 15/08.03.22) മറുപടി ഹാജരാക്കിയില്ല. വെള്ളക്കരമിനത്തിലുള്ള കുടിശിക സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതും, ഗ്രാമപഞ്ചായത്തിലെ ഉപയോഗക്ഷമമായ ടാപ്പുകൾ എത്രയുണ്ടെന്ന് വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി തിട്ടപ്പെടുത്തി ആയതിനനുസരിച്ച് വാട്ടർ ചാർജ് അടവാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**1-29 ലൈഫ് റ്റി.എസ്.പി- ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല.**

| | |
|---|---|
| പ്രോജക്ട് നമ്പർ | 331/20-21 |
| ചെലവ്, ഫണ്ടിനം | 55802/- റ്റി.എസ്.പി വിഹിതം<br>330120/- ബ്ളോക്ക് ഷെയർ<br>369198/- ജില്ലാ പഞ്ചായത്ത് ഷെയർ |
| ബിൽ നമ്പർ, തീയതി | 35/20-21, 3.3.21 |
| നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഒ, ഒളശ്ശ |

മേൽ പ്രോജക്ട് പ്രകാരം മൂന്ന് ഗുണഭോക്താക്കൾക്ക് സ്ഥലംവാങ്ങി നൽകിയതിന് 675000/- രൂപ ചെലവഴിച്ചിട്ടുണ്ട് ( 225000 X 3 ). ശ്രീമതി ഓമന ശശി, വട്ടുക്കുളം എന്ന ഗുണഭോക്താവിന് ഭവനനിർമ്മാണത്തിനായി 80120 രൂപയും നൽകിയിട്ടുണ്ട്. ടി ഗുണഭോക്താവ് നാളിതുവരെ ഭവനനിർമ്മാണം പൂർത്തിയാക്കിയതായി കാണുന്നില്ല.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 19/10.03.22) മറുപടി ലഭ്യമായില്ല. ഗുണഭോക്താവ് ഭവനനിർമ്മാണം പൂർത്തിയാക്കിയശേഷം വിവരം അറിയിക്കേണ്ടതാണ്.

**1-30 നെൽവിത്ത് വിതരണം-മാർഗ്ഗരേഖ പാലിച്ചില്ല**

| | |
|---|---|
| പ്രോജക്ട് നം | 11/21, നെൽവിത്ത് വിതരണം |
| | |

| | |
|---|---|
| ചെലവ് | 2411656 |
| ബിൽ നമ്പർ | 5/16.01.2021-440000/-<br>6/16.01.2021-490000/-<br>7/16.01.2021-490000/-<br>8/13.01.2021-490000/-<br>19/29.03.2021-297550/-<br>16/19.03.2021-192450/-<br>വൗ.നം.5236550/20.01.2021-11656/- |

കൃഷിഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പ്രോജക്ട് പ്രകാരം വികസനഫണ്ടിൽ നിന്നും 240000 രൂപയും തനത്ഫണ്ടിൻ നിന്ന് 11656രൂപയും പിൻവലിച്ച് അയ്മനം സർവ്വീസ് സഹകരണബാങ്കിന് നൽകി. പാടശേഖരസമിതികൾ സഹകരണബാങ്കിൽ നിന്നും നെൽവിത്ത് വാങ്ങിയതിന്റെ സബ്സിഡി നൽകാനാണ് ടി തുക ചെലവഴിച്ചത്.സ.ഉ (കൈ)നം 22/2018/തസ്വഭവ തീ 14/02/2018 പ്രകാരം കൃഷി വകുപ്പ്, നാഷണൽ സീഡ് കോർപ്പറേഷൻ, കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി, വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ (VFPCK) എന്നിവിടങ്ങളിൽ നിന്നും യഥാർത്ഥ വില നല്കി വാങ്ങുന്ന വിത്ത് 100% സബ്സിഡിയോടെ കർഷകർക്ക് കൃഷിഭവൻ/ഇക്കോഷോപ്പ് വഴി വിതരണം ചെയ്യുന്നതിന് അനുമതിയുണ്ട്. ഇതിൽ നിന്ന് വിരുദ്ധമായി സർവ്വീസ് സഹകരണ ബാങ്കിൽ നിന്ന് വാങ്ങിയ വിത്തിന്റെ തുക നൽകിയത് ഉത്തരവിന്റെ ലംഘനമാണ്. അപാകതകയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (26/14.03.22) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ചെലവു തുകയായ 2411656/- രൂപ തടസ്സപ്പെടുത്തുന്നു

## 1-31 ജലസേചനത്തിന് പമ്പ് സെറ്റ് - ഗുണഭോക്താക്കളെ പഞ്ചായത്ത് അംഗീകരിച്ചതിന്റെ രേഖകൾ ലഭ്യമല്ല

| | |
|---|---|
| പ്രോജക്ട് | 12/21 (വികസനഫണ്ട് പൊതു വിഭാഗം) |
| ചെലവ് | 40000 |
| ബിൽ നം. | 10/13.01.21 – 12781<br>15/20.02.21-27219 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

മേൽ പ്രോജക്ട് പ്രകാരം ഏഴ് ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട് . എന്നാൽ ഇവരെ പഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. രേഖകൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന് (നം. 26/14.03.22) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ചെലവു തുകയായ 40000 തടസ്സപ്പെടുത്തുന്നു.

## 1-32 പാടശേഖരത്തിന് സ്ഥിരം വൈദ്യുതി കണക്ഷൻ-മാർഗ്ഗരേഖയിലില്ലാത്ത പ്രോജക്ട്

| | |
|---|---|
| പ്രോജക്ട് | 124/21, 353/21 |
| ചെലവ് | 295304 (ധനകാര്യകമ്മീഷൻ ഗ്രാന്റ്),<br>66967 (തനത് ഫണ്ട്) |
| ബിൽ നം. | 3/16.04.20 |
| നിർവ്വഹണ | കൃഷി ഓഫീസർ |

| | |
|---|---|
| ഉദ്യോഗസ്ഥൻ | |

മേൽ പ്രോജക്ടുകൾ പ്രകാരം വിവിധ പാടശേഖരങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിനായി KSEB ക്ക് തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട് . കൃഷി വികസനത്തിന് ഇത്തരം ഒരു പ്രോജക്ട് തയ്യാറാക്കി തുക ചെലവഴിക്കാൻ പതിനൊന്നാം പദ്ധതി മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ല . മാർഗ്ഗരേഖയിൽ പരാമർശിക്കാത്ത പ്രോജക്ട് തയ്യാറാക്കിയതിന് പ്രത്യേക ഉത്തരവുണ്ടെങ്കിൽ ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന് (നം. 26/14.03.22) മറുപടി ലഭ്യമാക്കിയില്ല

കൂടാതെ പള്ളിയാകരി മോട്ടോർ തറ,നൂറുപറ എന്നീ പാടങ്ങൾക്ക് കണക്ഷന് ഡെപ്പോസിറ്റ് ചെയ്ത 54263 രൂപ വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രവും ലഭ്യമായില്ല. മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവഴിച്ച തുക 362271/- തടസ്സപ്പെടുത്തുന്നു.

<u>കൃഷി ഓഫീസർ നടപ്പാക്കിയ മറ്റ് പ്രോജക്ടുകളിലെ അപാകതകൾ</u>

വിവിധ ഭക്ഷ്യ വിളകളുടെ വിതരണം, വാഴത്തൈ വിതരണം, പച്ചക്കറി വിത്ത് വിതരണം,ഫലവർഗ്ഗത്തൈ വിതരണം എന്നിവയ്ക്കായി പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ടെങ്കിലും ഗുണഭോക്താക്കളുടെ അപേക്ഷകൾ, കരം അടച്ച രസീതിന്റെ പകർപ്പ് എന്നിവ ഹാജരാക്കിയിട്ടില്ലാത്തതിനാൽ അർഹതാ മാനദണ്ഡം പരിശോധിക്കാൻ സാധിച്ചില്ല. വിതരണ രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് പൂർത്തിയാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല. അപാകതൾ പരിഹരിച്ച് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## <u>1-33 പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ്- അപാകതകൾ</u>

നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി

| | |
|---|---|
| പ്രോജക്ട് | 179/21 വിസകനഫണ്ട് (എസ്.സി.പി) |
| അടങ്കൽ | 554400/- |
| ചെലവ് | 554440<br>ബിൽ നമ്പർ 3/16.04.20-360386/-<br>ബിൽ നമ്പർ 4/16.04.20-194054/- |

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് നൽകാൻ 2019-20 വർഷം ആവിഷ്കരിച്ച ടി പ്രോജക്ടിന്റെ അപാകതകൾ ചുവടെ ചേർക്കുന്നു

<u>1.പർച്ചേസ് ബില്ലിലധികരിച്ച് തുക നൽകി</u>

മേൽ പ്രോജക്ട് പ്രകാരം മീഡിയം എൻഡ് വിൻഡോസ് 10ഹോം സ്പെസിഫിക്കേഷനുള്ള 13 ലാപ്പ് ടോപ്പുകൾ വാങ്ങുന്നതിന് കെൽട്രോണിന്റെ പ്രൊഫോമ ഇൻവോയ്സ് പ്രകാരം(TVM/ITBG/P1/RC/13190/19-20/1.01.20) 27722 രൂപ നിരക്കിൽ 360386 രൂപയും 7 ലാപ്പ് ടോപ്പുകൾ വാങ്ങുന്നതിന് കെൽട്രോണിന്റെ പ്രൊഫോമ ഇൻവോയ്സ് പ്രകാരം (TVM/ITBG/P1/RC/13188/19-20/1.01.20) 27722 രൂപ നിരക്കിൽ 194054 രൂപയും ഉൾപ്പെടെ 554440 രൂപ കേരള സ്റ്റേറ്റ് ഐ റ്റി മിഷന്റെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. ലെനോവ ഇന്ത്യയുടെ പർച്ചേസ് ബില്ലുകൾ പ്രകാരം (RV200105006659/30.09.20 – 354991, RV200105008662/04.12.20 - 191309) 546300 രൂപയാണ് ലാപ്പ്ടോപ്പുകളുടെ വില. പർച്ചേസ് ബില്ലിലധികരിച്ച് നൽകിയ 8140 രൂപ തിരികെ ലഭിച്ചിട്ടില്ല. ടി തുക കെൽട്രോണിന്റെ അക്കൗണ്ടിൽ നിന്നും തിരികെ ഈടാക്കി സർക്കാരിലേക്ക് അടയ്ക്കേണ്ടതാണ്. തുക തിരികെ ലഭ്യമാകുന്നതു വരെ 8140 രൂപ തടസ്സപ്പെടുത്തുന്നു.

<u>2.ഗുണഭോക്താക്കളെ ഗ്രാമസഭ തെരഞ്ഞെടുത്തിട്ടില്ല.</u>

ആനുകൂല്യം ലഭിച്ച താഴെ പറയുന്ന വിദ്യാർത്ഥികളെ ഗ്രാമസഭ തെരഞ്ഞെടുത്തതായി കാണുന്നില്ല

1. ആദിത്യ T ഷൈനു

2. അനു അനിൽകുമാർ

3.ശരണ്യമോൾ

4.ശ്രീശാന്ത് അശോകൻ

5.ആതിര എം വി

6.അനന്തു ബിനീഷ്

7.അരുൺ കെ മധു

8. ജ്വാല K R

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 3 എ സി പ്രകാരം ഗുണഭോക്താക്കളെ ലക്ഷ്യമാക്കിയുള്ള പദ്ധതികളെ സംബന്ധിച്ച് നിശ്ചയിക്കപ്പെട്ടിട്ടുള്ള മാനദണ്ഡമനുസരിച്ച് മുൻഗണനാക്രമത്തിൽ അർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് അന്തിമമായി തയ്യാറാക്കി ഗ്രാമപഞ്ചായത്തിന് നൽകുക എന്നത് ഗ്രാമസഭയുടെ അധികാരമാണ്.

ഗ്രാമസഭ തെരഞ്ഞെടുക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകാനിടയായ സാഹചര്യം വ്യക്തമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് കോവിഡായതിനാൽ 2020-21 വർഷം ഗ്രാമസഭ നടക്കാത്തതിനാലാണെന്ന് മറുപടി ലഭ്യമാക്കി. എന്നാൽ പ്രസ്തുത പ്രോജക്ട് 2019-20ൽ തയ്യാറാക്കിയതും 20 ഗുണഭോക്താക്കൾക്കുള്ള ലാപ് ടോപ്പുകളുടെ വില കെൽട്രോണിന് കൈമാറുന്നതിന് ബിൽ തയ്യാറാക്കി ട്രഷറിയിൽ സമർപ്പിക്കുകയും മാറാത്തതിനാൽ 2020-21 വർഷം ചെലവാകുകയും ചെയ്തതാണ്. ഗുണഭോക്താക്കളുടെ അർഹതാമാനദണ്ഡം പരിശോധിച്ച് ഉറപ്പാക്കാതെ മുൻകൂർ ചെലവഴിക്കുന്നത് ക്രമപ്രകാരമല്ല. കൂടാതെ ടി ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയ നടപടിക്ക് അടുത്തു കൂടുന്ന ഗ്രാമസഭയിൽ സാധൂകരണം വാങ്ങണമെന്ന് 16.02.2021ലെ കമ്മറ്റി തീരുമാനിച്ചിരുന്നെങ്കിലും(തീരുമാനം 1 /7 ) നാളിതു വരെ നടപ്പാക്കിയില്ല. ഗ്രാമസഭ അംഗീകരിക്കാത്ത ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിയ നടപടി നിയമവിരുദ്ധമാണ്. ആനുകൂല്യം ലഭിക്കുന്ന എല്ലാ ഗുണഭോക്താക്കളും ഗ്രാമസഭ തെരഞ്ഞെടുത്തവർ/അംഗീകരിച്ചവർ ആണെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

**<u>1-34 ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയില്ല</u>**

സ.ഉ.(കൈ) നം.11/തസ്വഭവ തീയതി. 29.01.2018 ഖണ്ഡിക 6.7 പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനതുഫണ്ടും ഉപയോഗപ്പെടുത്തി റോഡ്-റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുക, സേവന നിലവാരം ഉയർത്തുക, ആസ്തി വിപുലപ്പെടുത്തുക, സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേക്ക് ഉയർത്തുക, ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുക എന്നിവയാണ് ആസ്തി സംരക്ഷണ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഗ്രാമപഞ്ചായത്തിന്റെ ആസ്തികളുടെ പരിപാലനവുമായി ബന്ധപ്പെട്ട് സർക്കുലർ നം. 50412/ഡി.ബി.2/ 2011/ ത.സ്വ.ഭ.വ, തീയതി 13.10.2011 പ്രകാരം ആസ്തി രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണെന്നും, സർക്കുലർ നം.50608/ഡി.ബി.2/2009/ത.സ്വ.ഭ.വ,തീയതി 13.10.2010 ഉത്തരവ് പ്രകാരം ആസ്തികൾ ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കേണ്ടതാണെന്നും വ്യക്തമാക്കിയിരുന്നു. പഞ്ചായത്തിൽ സൂക്ഷിക്കുന്ന ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ, നിർമ്മാണ ചെലവ്, അവസാന മെയിന്റനൻസ് വിവരങ്ങൾ, കൂട്ടിച്ചേർക്കലുകൾ നടത്തിയതിന്റെ തീയതിയും ചെലവും തുടങ്ങി പ്രധാനപ്പെട്ട രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ലാത്തതായി കാണുന്നു.

കാലഹരണപ്പെട്ടതും നിലവിൽ ഉപയോഗമില്ലാത്തതുമായ ആസ്തികൾ ഒഴിവാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ തയ്യാറാക്കിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിക്കാത്തതിനാൽ വാർഷിക കണക്കിലെ ആസ്തിമൂല്യം യഥാർത്ഥത്തിലുള്ള മൂല്യത്തെ പ്രതിഫലിപ്പിക്കുന്നില്ല എന്ന് വിലയിരുത്തുന്നു.

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 20.01.2017 ലെ ജി.ഒ.(ആർ.ടി.)166/2017 നമ്പരായി പ്രസിദ്ധീകരിച്ച തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള അസറ്റ് മാനേജ്മെന്റ് മാനുവൽ പ്രകാരം പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി ഒരു അസ്സറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും, ആസ്തികളുടെ വാർഷിക വിലയിരുത്തൽ നടത്തി അതിന്റെ അടിസ്ഥാനത്തിൽ അസറ്റ് മാനേജ്മെന്റ് സ്ട്രാറ്റജിയും(AMS), അസറ്റ് മാനേജ് മെന്റ് പ്ലാനും (AMP) തയ്യാറാക്കേണ്ടതാണ്. കൂടാതെ ആസ്തികളുടെ അർദ്ധ വാർഷിക റിവ്യൂ, വാർഷിക റിവ്യൂ എന്നിവയും നടത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിലുള്ള കമ്മറ്റി രൂപീകരിച്ചിട്ടില്ല

**റോഡ് കണക്ടിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല**

സർക്കാർ ഉത്തരവ് (കൈ)നം. 11/2018/ത.സ്വ.ഭ.വ തീയതി:29.01.2018 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗരേഖ ഖണ്ഡിക 7/13(1) നിർദ്ദേശിക്കും പ്രകാരം ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും, ഏതൊരു റോഡ് നിർമ്മാണ പ്രൊജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രൊജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ ഒരു പ്രവൃത്തിയിലും ഈ നിബന്ധനകൾ പാലിച്ചതായി കാണപ്പെട്ടില്ല.

**1-35 പ്രവൃത്തികൾ നടപ്പാക്കിയില്ല -കരാറുകാരെനെതിരെ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കേണ്ടതാണ്**

ഗ്രാമപഞ്ചായത്ത് 2019-20 വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി തയ്യാറാക്കിയ താഴെപറയുന്ന പ്രവൃത്തികൾ കുറഞ്ഞ നിരക്കിൽ ക്വോട്ട് ചെയ്ത ശ്രീ. ജോസഫ് വർഗ്ഗീസ് ,ഓതറക്കുന്നേൽ എന്ന കരാറുകാരൻ ഏറ്റെടുത്തിരുന്നു.

| ക്രമ നമ്പർ | പ്രോജക്ട് | എസ്റ്റിമേറ്റ് തുക |
|---|---|---|
| 1 | 45/20 കാട്ടാടി മാടശ്ശേരി റോഡ് കോൺക്രീറ്റ് | 713541 |
| 2 | 69/20 പിച്ചനാട്ട് ലക്ഷം വീട് റോഡ് കോൺക്രീറ്റ് | 149028 |
| 3 | 70/20 ചാമത്തറ മുട്ടോഴി റോഡ് കോൺക്രീറ്റ് | 178252 |
| 4 | 75/20 സുശീലാലയം കടമാട്ട് റോഡ് കോൺക്രീറ്റ് | 155976 |
| 5 | 71/20നേര്യേന്തറതെക്കേത്തുപടി റോഡ് കോൺക്രീറ്റ് | 267486 |
| 6 | 25/20 പ്ലാവിള നടുത്തൊട്ടി റോഡ് കോൺക്രീറ്റ് | 176602 |

സെലക്ഷൻ നോട്ടീസ് കൈപ്പറ്റി എഗ്രിമെന്റ് വയ്ക്കേണ്ട് കാലാവധി കഴിഞ്ഞിട്ടും എഗ്രിമെൻറ് വച്ച് കരാറുകാരൻ പ്രവൃത്തി ആരംഭിക്കാത്തതിനാൽ ക്വട്ടേഷൻ നടത്തി പ്രവൃത്തി മറ്റു കരാറുകാരെ കൊണ്ട് നിർവ്വഹിക്കേണ്ട സാഹചര്യം ഉണ്ടായി. കരാർ ലംഘനം നടത്തിയ കരാറുകാരനെതിരെ സ്വീകരിച്ച

നടപടികൾ അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. കരാർ ലംഘനമായമായതിനാൽ 1996 ലെ കേരള പഞ്ചായത്ത് രാജ് (കരാർ) ചട്ടങ്ങൾ പ്രകാരം കരാറുകാരന്റെ നിരതദ്രവ്യം പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

## 1-36 വിനിയോഗ വിവരം ലഭ്യമായില്ല.

2020-21 വർഷം സെക്രട്ടറി തനത് ഫണ്ടിൽ നിന്നും തുക പിൻവലിച്ച ചുവടെ ചേർക്കുന്ന പ്രവൃത്തികൾ നിർവഹിക്കുന്നതിനായി കെ.എസ്.ഇ.ബിയ്ക്ക് നൽകിയിട്ടുണ്ട്.

| ക്രമ നം. | ഇനം | വൗച്ചർ നമ്പർ | തുക |
|---|---|---|---|
| 1 | സെന്റ് ജോർജ് ചർച്ച് - പൂവൻകുളങ്ങര റോഡിൽ പോസ്റ്റ് ഷിഫ്റ്റിംഗ് | 22000544/08.09.20 | 9959 |
| 2 | കോട്ടമുറി - കാച്ചപ്പള്ളി റോഡിൽ പോസ്റ്റ് ഷിഫ്റ്റിംഗ് | 22000739/30.10.20 | 9670 |
| 3 | കിംസ് ഹോസ്പിറ്റലിനടുത്ത് റോഡിൽ പോസ്റ്റ് ഷിഫ്റ്റിംഗ് | 22000740/05.11.20 | 16679 |
| 4 | സെന്റ് ജോൺസ് ഹോസ്പിറ്റൽ - പറമ്പിൽ റോഡിൽ ലൈൻ എക്സ്റ്റൻഷൻ | 22000680/16.10.20 | 7178 |
| | | ആകെ | 43486 |

വിനിയോഗസാക്ഷ്യപത്രം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 5/07.03.22) മറുപടി ലഭ്യമായില്ല. ആയതിലേക്കായി 43486 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-37 വെറ്റിനറി സർജൻ നടപ്പാക്കിയ പദ്ധതികൾ - അപാകതകൾ

| ക്രമ നമ്പർ | പ്രൊജക്റ്റ് നമ്പർ | പ്രൊജക്റ്റ് | ബിൽ നമ്പർ / തീയതി | തുക |
|---|---|---|---|---|
| 1 | 175/21 | കറവപ്പശു വിതരണം എസ് സി | 02/21/20.04.20 | 70000 (എസ്.സി.പി) |

പദ്ധതി പ്രകാരം രാജമ്മ സുകുമാരൻ , മാടപ്പാട്ട മേക്കരി , സി കെ ജാനകി ആശാരിപ്പറമ്പിൽ അയ്യനം എന്നീ ഗുണഭോക്താക്കൾ കറവപ്പശുക്കളെ വാങ്ങിയിട്ടുണ്ട്. ടി ഗുണഭോക്താക്കൾ പശുക്കളെ ഇൻഷ്വർ ചെയ്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-38 ഹെഡ്മാസ്റ്റർ നടപ്പാക്കിയ പദ്ധതികൾ - അപാകതകൾ

| ക്രമ നമ്പർ | പ്രൊജക്റ്റ് നമ്പർ | പ്രൊജക്റ്റ് | ബിൽ നമ്പർ / തീയതി | തുക |
|---|---|---|---|---|
| 1 | 62/21 | കുട്ടികൾക്ക് സ്റ്റീൽ വാട്ടർ ബോട്ടിൽ | 07/20-21/30.03.2021 | 42180/- വികസനഫണ്ട് (പൊതുവിഭാഗം) |

ഒന്നാം ക്ളാസിൽ പ്രവേശനം നേടിയ കുട്ടികൾക്ക് സ്റ്റീൽ വാട്ടർ ബോട്ടിൽ നൽകുന്ന പ്രോജക്റ്റ് പ്രകാരം കണ്ടത്തിൽ ചിറയിൽ ട്രേഡ് ലിങ്ക്സ് , തലയാഴം എന്ന സ്ഥാപനത്തിൽ നിന്നും 380 /- രൂപ നിരക്കിൽ 111 സ്റ്റീൽ വാട്ടർ ബോട്ടിൽ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. 13 ആം പദ്ധതി സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക -5 പ്രകാരം വാട്ടർ ബോട്ടിൽ പോലുള്ള ഉപകരണങ്ങൾ പട്ടിക വർഗ്ഗ വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് മാത്രമാണ് വാങ്ങി നല്കാവുന്നത്. ജനറൽ വിഭാഗം വിദ്യാർത്ഥികൾക്ക് നൽകിയതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയിരുന്നുവെങ്കിലും തൃപ്തികരമായ മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-39 ലൈഫ് ഭവനപദ്ധതി - അവലോകനം

ഗ്രാമപഞ്ചായത്തിൽ മൂന്ന് ഫേസുകളിലായാണ് ലൈഫ് ഭവനപദ്ധതി നടപ്പിലാക്കിയത്. ഫേസ് 2 ൽ ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിനാണ് തുക ചെലവഴിച്ചത്. ആകെ 197 ഗുണഭോക്താക്കൾ ഗ്രാമപഞ്ചായത്തുമായി കരാറിലേർപ്പെട്ടു. ആയതിൽ 5 പേർ നാളിതുവരെ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. ഫേസ് 3 യിൽ സ്ഥലം വാങ്ങിനൽകി വീട് വെച്ച് നൽകുകയാണ് ഉദ്ദേശിച്ചിരുന്നത്. ആകെ 55 ഗുണഭോക്താക്കൾ ഗ്രാമപഞ്ചായത്തുമായി കരാറിലേർപ്പെട്ടു. 53 പേർക്ക് സ്ഥലം വാങ്ങി നൽകി. 30 പേർ ഗ്രാമപഞ്ചായത്തിന് വെളിയിലാണ് സ്ഥലം വാങ്ങിയത്. അവശേഷിക്കുന്ന 25 പേർ ഭവനനിർമ്മാണത്തിനായി ഗ്രാമപഞ്ചായത്തുമായി കരാറിലേർപ്പെട്ടു. ആയതിൽ 13 പേർ നാളിതുവരെ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. എസ്.സി/എസ്.റ്റി വിഭാഗത്തിൽപ്പെട്ടവർക്ക് അതാത് ഡിപ്പാർട്ട്മെന്റുകളുടെ ഭവനനിർമ്മാണപദ്ധതിയിൽ ഉൾപ്പെട്ട് ഫണ്ടിന്റെ അഭാവത്തിൽ ഗ്രാമപഞ്ചായത്തിലേക്ക് കൈമാറിയതാണ് അഡീഷണൽ ലിസ്റ്റ് എന്ന ഫേസ് 4 കാറ്റഗറി. ആയതിൽ 35 പേർ ഗ്രാമപഞ്ചായത്തുമായി കരാറിലേർപ്പെട്ടതിൽ 6 പേർ നാളിതുവരെ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

മൂന്ന് ഫേസുകളിലുമായി ഭവനനിർമ്മാണം പൂർത്തിയാക്കാത്തവരുടെ വിവരം ചുവടെ ചേർക്കുന്നു.

ഫേസ് 2

| ക്രമ നമ്പർ | ഗുണഭോക്താവ് | നൽകിയ തുക | സ്റ്റേജ് |
|---|---|---|---|
| 1 | ലൈസാ പത്രോസ് | 40000 | ആരംഭിച്ചില്ല |
| 2 | ശ്രീകല കെ. റ്റി | 320000 | ലിന്റൽ |
| 3 | ചന്ദ്രമതിയമ്മാൾ | 200000 | ലിന്റൽ |
| 4 | ജലജസോമൻ | 352699 | വാർക്കൽ |
| 5 | എെസക്ക് | 240000 | ലിന്റൽ |

ഫേസ് 3

| ക്രമ നമ്പർ | ഗുണഭോക്താവ് | നൽകിയ തുക | സ്റ്റേജ് |
|---|---|---|---|
| 1 | ശകുന്തള | 40000 | അടിത്തറ |
| 2 | പദ്മ ഗോപാലകൃഷ്ണൻ | 40000 | ആരംഭിച്ചില്ല |
| 3 | സുശീലാ സോമൻ | 40000 | അടിത്തറ |
| 4 | ലിന്റോ വർഷ | 140000 | അടിത്തറ |
| 5 | പ്രസീനാകുമാരി | 140000 | ലിന്റൽ |
| 6 | പ്രമോദ് | 140000 | ലിന്റൽ |

| | | | |
|---|---|---|---|
| 7 | സുരേഷ് പി.സി | 40000 | അടിത്തറ |
| 8 | ശ്രീധരൻ | 40000 | അടിത്തറ |
| 9 | രാജൻ | 360000 | റൂഫ് |
| 10 | ഷബിതാജമാൽ | 360000 | റൂഫ് |
| 11 | അനിലാ സെബാസ്റ്റ്യൻ | 40000 | അടിത്തറ |
| 12 | ജോൺസൻ പി.കെ | 40000 | ആരംഭിച്ചില്ല |
| 13 | ശശി കെ.ബി | 360000 | റൂഫ് |

അഡീഷണൽ ലിസ്റ്റ്

| ക്രമ നമ്പർ | ഗുണഭോക്താവ് | നൽകിയ തുക | സ്റ്റേജ് |
|---|---|---|---|
| 1 | ശ്രീജസജീവ് | 240000 | ലിന്റൽ |
| 2 | മിനി പ്രസാദ് | 200000 | ലിന്റൽ |
| 3 | ബിന്ദു രാഹുൽപ്രസാദ് | 360000 | റൂഫ് |
| 4 | തങ്കമ്മവാസു | 140000 | ലിന്റൽ |
| 5 | അമ്മുക്കുട്ടി | 100000 | ലിന്റൽ |
| 6 | കുഞ്ഞമ്മ സുകുമാരൻ | 300000 | റൂഫ് |

മേൽ സൂചിത ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കിയതിന്റെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

ഗ്രാമപഞ്ചായത്തിന്റെ 2020-21 വാർഷിക ധനകാര്യപത്രിക എയിംസ് സോഫ്റ്റ് വെയർ മുഖേന ഓൺലൈനായി നിയമപരമായ സമയപരിധിക്കുള്ളിൽ ഓഡിറ്റിന് ഹാജരാക്കിയിരുന്നു. ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 04.03.22-ൽ പരിശോധിച്ച് അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2021-ലെ ബാലൻസ് ഷീറ്റ് എന്നിവ യഥാക്രമം അനുബന്ധം-3,4,5 ആയി ചേർത്തിരിക്കുന്നു.

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം.

2020-21 ൽ സംയുക്ത പ്രോജക്ടിനായി ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത്, കോട്ടയം ജില്ലാ പഞ്ചായത്ത് എന്നീ സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ചതിന്റെയും മുന്നിരിപ്പായുണ്ടായിരുന്നതിൽ ചെലവഴിച്ചതുമായ ഫണ്ടിന്റെ വിനിയോഗം ചുവടെ ചേർക്കുന്നു.

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 390000 | വനിതകൾക്ക്ഗ്രോബാഗിൽ പച്ചക്കറി (200/21 ) | 390000 | 0 |
| | 112500 | തരിശ് ഭൂമി പച്ചക്കറി കൃഷി(201/21) | 112500 | 0 |
| | 301099 | പാലിയേറ്റീവ് കെയർ (31/21) | 301099 | 0 |
| | 3420000 | ലൈഫ് ഭവന നിർമ്മാണ പദ്ധതി മൂന്നാംഘട്ടം (44/21) | 3420000 | 0 |
| | 330120 | ലൈഫ് ഭൂരഹിത ഭവനരഹിത പദ്ധതി പട്ടിക വർഗ്ഗം(331/21) | 330120 | 0 |
| | 1000000 | ലൈഫ് ഭൂരഹിത ഭവന രഹിത പദ്ധതി പട്ടികജാതി (333/21) | 1000000 | 0 |
| | 228900 | ഭിന്നശേഷിയുള്ളവരുടെ പഠന സഹായം(8/21) | 228900 | 0 |
| | 20000 | വിശപ്പ് രഹിത കേരളം -ജനകീയ കേരളം (84/21) | 20000 | 0 |
| ആകെ | | | 5,802,619 | 0 |
| ജില്ലാ പഞ്ചായത്ത് | 50000 | ഭക്ഷ്യവിളകളുടെ വിത്ത് (19/21) | 50000 | 0 |
| | 3000000 | ലൈഫ് ഭവന നിർമ്മാണ പദ്ധതി മൂന്നാംഘട്ടം (44/21) | 3000000 | 0 |
| | 4650000 | ലൈഫ് ഭവന പദ്ധതി -എസ് സി (223/21) | 3380000 | 0 |
| | 369198 | ലൈഫ് ഭൂരഹിത ഭവനരഹിത പദ്ധതി പട്ടിക വർഗ്ഗം(331/21) | 369198 | 0 |
| | 680000 | ലൈഫ് ഭൂരഹിത ഭവന രഹിത പദ്ധതി പട്ടികജാതി (333/21) | 680000 | 0 |
| | 300000 | ഭിന്നശേഷിയുള്ളവരുടെ പഠന സഹായം(8/21) | 300000 | 0 |

| | | | | |
|---|---|---|---|---|
| | 200000 | ക്ഷീര കർഷകർക്ക് പാൽ ഇൻസെന്റീവ് (176/21) | 200000 | 0 |
| | 2258981 | കിണർ റീചാർജ്ജിംഗ് (220/21) | 401725 | 0 |
| ആകെ | | | 8,380,923 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് കെ എസ് ഇ ബിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. സുലേഖ ചെലവ് പത്രിക പ്രകാരം മുൻകൂർ നൽകിയിട്ടുള്ള തുകയുടെ വിശദാംശം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് (പ്രോജക്ട് നം.) | മുൻകൂർ നൽകിയ തുക | വൗച്ചർ നമ്പർ/ ചെക്ക് നമ്പർ | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ എസ് ഇ.ബി | പൊതുമാരമത്ത് പ്രവർത്തിയുമായി ബന്ധപ്പെട്ട് ഇലക്ട്രിക്ക് പോസ്റ്റ് മാറ്റൽ(പ്രോജക്റ്റ് നം -340) | 6186 | 22001279/6.02.21 | 6186 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ

2020-21 ധനകാര്യ പത്രിക പ്രകാരം തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും തുകകൾ ഒന്നും നല്കിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പ ലഭിച്ചതിന്റേയും തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന നിർമ്മാണം | ജി. ഒ(എം എസ്)68/2018/ തസ്വഭവ /18.05.2018 | 29,460,601 | 4480000 | 3249570 | | 30,691,031 |

സെക്രട്ടറിയുടെ 360/21, 361/21, 362/21, 363/21 നം. പ്രോജക്ടുകൾ പ്രകാരം യഥാക്രമം3,088,432/- രൂപ 161,138/- രൂപ(വികസന ഫണ്ട് എസ് സി പി) എന്നിങ്ങനെ ആകെ 3249570/- രൂപ വികസന ഫണ്ട് അലോട്ട്മെന്റിൽ ക്രമീകരിച്ചാണ് വായ്പ തിരിച്ചടവ് നടത്തിയത്.

**4-6 സ്ഥിരനിക്ഷേപങ്ങൾ**

വാർഷിക ധനകാര്യ പത്രിക 31/03/2021-ലെ ബാലൻസ് ഷീറ്റ് പ്രകാരം പഞ്ചായത്തിന് സ്ഥിരനിക്ഷേപം ഇല്ല.

**4-7 ഓഡിറ്റ് റിക്കവറി**

ഒഡിറ്റ് റിക്കവറി ഇല്ല

**4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം**

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം-23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2013-14 | 3-1 | 2014-15 | 4.1.15 | പൊതുകളിസ്ഥലം--പാഴ്ചെലവായി | അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണനയിലാണ് |
| 1999-2000, 2001-02 | 17 | 2004-05 | 2-4 | കാർഷിക യന്ത്രവൽക്കരണം ലക്ഷ്യം നേടിയില്ല | അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണനയിലാണ് |
| 2012-13 | വിഷയാധിഷ്ഠിത അവലോകനം | 2014-15 | 4.1.5 | നിഷ്ക്രിയാസ്തികൾ -വനിതാ വ്യവസായകേന്ദ്രം | അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണനയിലാണ് |
| 2012-13 | വിഷയാധിഷ്ഠിത അവലോകനം | 2014-15 | 4.1.7 | അയ്യനം കുടിവെള്ള പദ്ധതി-പ്രവർത്തന രഹിതമാണ് | അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണനയിലാണ് |

**4-9 ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം.**

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 പ്രകാരം ചാർജ്/സർച്ചാർജ് നടപടികൾ നിലനിൽക്കുന്ന ഖണ്ഡികകൾ ഇല്ല.

**4-10 ഓഡിറ്റ് പ്രത്യവലോകനം**

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 153865812.45 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 132,773,509 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| | |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3827162 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 22000 | സിസി ജോൺ സിവൈ<br>അസി. സെക്രട്ടറി<br>(സെക്രട്ടറി-ഇൻ-ചാർജ്) |
| 1-21 | 2300 | ശ്രീ.അരുൺകുമാർ എൻ<br>സെക്രട്ടറി |
| 1-23 | 15500 | ശ്രീ.വി.കെ. രാജീവ്<br>സെക്രട്ടറി |
| 1-24 | 100000 | ശ്രീ.വി.കെ. രാജീവ്<br>സെക്രട്ടറി |
| 1-25 | 680400 | ശ്രീ. സുനിൽ എ.വി.<br>വി.ഇ.ഒ |
| 1-27(1)<br>(2) | 12468<br>128941 | ഡോ.മിനിജ ഡി. നായർ<br>മെഡിക്കൽ ഓഫീസർ പി.എച്ച്.സി. |
| 1-30 | 2411656 | ശ്രീമതി ജോസ്നമോൾ കുര്യൻ, കൃഷി ഓഫീസർ |
| 1-31 | 40000 | ശ്രീമതി ജോസ്നമോൾ കുര്യൻ, കൃഷി ഓഫീസർ |
| 1-32 | 362271 | ശ്രീമതി ജോസ്നമോൾ കുര്യൻ, കൃഷി ഓഫീസർ |
| 1-33 | 8140 | ശ്രീമതി ജോസ്നമോൾ കുര്യൻ, കൃഷി ഓഫീസർ |
| 1-36<br>(1) | 9959 | ശ്രീ. വി.കെ. രാജീവ്, സെക്രട്ടറി |
| (2) | 9670 | സിസി ജോൺ സിവൈ, അസി. സെക്രട്ടറി,<br>(സെക്രട്ടറി-ഇൻ-ചാർജ്) |
| (3) | 16679 | ശ്രീ. വി.കെ. രാജീവ്, സെക്രട്ടറി |
| (4) | 7178 | സിസി ജോൺ സിവൈ, അസി. സെക്രട്ടറി,<br>(സെക്രട്ടറി-ഇൻ-ചാർജ്) |
| | 3827162 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ –

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ബാധകമല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 99-00, 00-01, 01-02 പ്ലാൻ | എൽ.എഫ്.കെ.പി.10/1291/11/16.6.12 | 8 |
| 02-03 ചെലവ് | എൽ.എഫ്.കെ.പി.4/65/06/26.12.06 | 4 |
| 96-97 വരവ് | എൽ.എഫ്.കെ.പി.4/509/07/26.7.07/1.10.07 | 3 |
| 98-99 വരവ് | എൽ.എഫ്.കെ.പി.4/511/07/5.10.09/6.11.09 | 1 |
| 01-02 വരവ് | കെ.എസ്.എ.കെ.ടി.എം.പി9(അദാ.18)54(2)/18/31.01.18 | 1 |
| 02-03 വരവ് | എൽ.എഫ്.കെ.പി.4/150/09/6.10.09/6.2.10 | |
| 02-03 ചെലവ് | കെ.എസ്.എ-കെ.ടി.എം.പി9(അദാ.18)54(3)/18/31.01.18 | 3 |
| 06-07 വരവുചെലവ് | കെ.എസ്.എ-കെ.ടി.എം.പി9(അദാ.18)54(7)/18/31.01.18 | 10 |
| 07-08 വരവുചെലവ് | കെ.എസ്.എ-കെ.ടി.എം.പി9(അദാ.18)54(8)/18/31.01.18 | 5 |
| 08-09 വരവുചെലവ് | കെ.എസ്.എ-കെ.ടി.എം.പി9(അദാ.18)54(9)/18/31.01.18 | 13 |
| 09-10 വരവുചെലവ് | കെ.എസ്.എ-കെ.ടി.എം.പി9(അദാ.18)54(10)/18/31.01.18 | 8 |
| 10-11 വരവുചെലവ് | കെ.എസ്.എ-കെ.ടി.എം.പി9(അദാ.18)54(11)/18/31.01.18 | 7 |
| 11-12 വരവുചെലവ് | എൽ.എഫ്.കെ.പി.10/561/13/06.11.13 | |
| 12-13 വരവുചെലവ് | എൽ.എഫ്.കെ.പി.10-504/15/28.05.15 | 20 |
| 13-14 വരവുചെലവ് | കെ.എസ്.എ-കെ.ടി.എം.പി10/256/15/16.02.16 | 20 |
| 2014-15 വരവുചെലവ് | കെ.എസ്.എ-കെ.ടി.എം.പി9/1074/17/25.01.18 | 22 |
| 2015-16 വരവുചെലവ് | കെ.എസ്.എ-കെ.ടി.എം.പി10/464/2017/29.5.17/01.06.17 | 22 |
| 2016-17 വരവുചെലവ് | കെ.എസ്.എ-കെ.ടി.എം.പി9/112/2018/29.5.17/29.01.18 | 18 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി 9/2018/2018/30.4.2019 | 15 |
| | | |

| | | |
|---|---|---|
| 2018-19 | **നം.കെ.എസ്.എ-കെ.ടി.എം.പി.9/648/2020/29.06.2020** | 22 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം, കോട്ടയം

## <u>അനുബന്ധം-1</u>
## <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ അയ്മനം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ അയ്മനം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്